/samakalikajanapadham/ /prd.kerala.gov.in/publications

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ

₹12

# സമകാലിക ജനപഥം

2024 ഡിസംബർ പുസ്തകം 11 ലക്കം 5

# ഭൂമിതർക്കങ്ങളില്ലാത്ത ഭാവിയിലേക്ക്




**കരളോളം കരുതൽ**

**നോർക്ക ജർമ്മൻ റിക്രൂട്ട്മെന്റ് 500+**



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
| --- | --- |
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2024 ഡിസംബർ 1 • പുസ്തകം 11 • ലക്കം 5

**എഡിറ്റർ** ടി.വി. സുഭാഷ് ഐ.എ.എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
**ഡപ്യൂട്ടി എഡിറ്റർ** കെ.പി. സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ.എസ്. ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ദസ്നി എം.എച്ച് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ.എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്ങ്** വിനിത വി.എസ്

എഡിറ്റോറിയൽ >>



# മികവിന്റെ കേരളമാതൃക തുടരുന്നു

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നതാണ് റവന്യൂ ഭരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിയിൽ കേരളം ഏറെ മുന്നേറിയിരിക്കുകയാണ്. ഡിജിറ്റൽ റീ സർവെയും റവന്യൂ-സർവെ-രജിസ്ട്രേഷൻ സംയോജിത ഡിജിറ്റൽ പോർട്ടലായ എന്റെ ഭൂമിയും ദേശീയ മാതൃകകളാണ് ഇപ്പോൾ. പോർട്ടൽ നിലവിൽ വന്നതോടെ ഭൂരേഖകളുടെ സമഗ്ര ഡിജിറ്റൽ സംവിധാനമുള്ള ഇന്ത്യയിലെ തന്നെ ആദ്യ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. കാലതാമസം സൃഷ്ടിക്കുന്ന, കൃത്യത ഉറപ്പാക്കാനാകാത്ത പരമ്പരാഗത സർവെ രീതികൾക്കു പകരം ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും ഉപയോഗിച്ചാണ് ഡിജിറ്റൽ റീസർവെ മുന്നേറുന്നത്.
ഡിജിറ്റൽ സർവെയും 12 ഇ– ഗവേണൻസ് ആപ്ലിക്കേഷനുകളും കൂടി നടപ്പിലാക്കുന്നതോടെ റവന്യൂ ഇ – സേവനങ്ങളിലും നാം ഏറെ മുന്നോട്ടു പോയിരിക്കുന്നു. ഡിജിറ്റൽ ലാൻഡ് സർവെയിലും റവന്യൂ ഇ – സേവനങ്ങളിലും കേരളം സൃഷ്ടിച്ച മാതൃകയാണ് ഈ ലക്കം സമകാലിക ജനപഥം കവർസ്റ്റോറി.

പൊതുജനാരോഗ്യരംഗത്തും വിദേശ റിക്രൂട്ട്മെന്റിലുമായി സമീപകാലത്തുള്ള സംസ്ഥാനത്തിന്റെ രണ്ട് അഭിമാന നേട്ടങ്ങളെക്കുറിച്ചും പറയേണ്ടതുണ്ട്. പത്ത് കരൾമാറ്റ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി സാധാരണക്കാരന് ആശ്വാസം പകർന്നും നോർക്ക ട്രിപ്പിൾവിൻ കേരള പദ്ധതി വഴി അഞ്ഞൂറിലധികം നഴ്സുമാർക്ക് ഇതുവരെ ജർമ്മനിയിൽ തൊഴിൽ ലഭ്യമാക്കിയും കേരളം കൈവരിച്ച കുതിപ്പുകളെപ്പറ്റിയും ഈ ലക്കം വായിക്കാം.

**ടി.വി.സുഭാഷ് ഐ.എ.എസ്**
**എഡിറ്റർ**

2024 DECEMBER 1 VOLUME 11 ISSUE 5 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications




## റവന്യൂ


6 എല്ലാവർക്കും ഭൂമി, ഭൂരേഖ, സ്മാർട്ട് സേവനങ്ങൾ
**പിണറായി വിജയൻ**

8 ഡിജിറ്റൽ റീ സർവെ പുതുചരിത്രം
**കെ. രാജൻ**

12 12 ഇ-സേവനങ്ങൾ കൂടി

16 സർട്ടിഫിക്കറ്റ്, നികുതി, പെൻഷൻ.. എല്ലാം ഓൺലൈൻ

18 ഡിജിറ്റൽ സർവെ എന്താണ്, എങ്ങനെയാണ്?
**എസ് സാംബശിവ റാവു ഐ എ എസ്**

22 പ്രവാസിക്ഷേമം
കടലിനക്കരെനിന്ന് മണ്ണിനെ തൊടുംപോലെ
**വിദ്യ അഭിലാഷ്**


24 നോർക്ക
സുരക്ഷിത വിദേശകുടിയേറ്റത്തിന്റെ കേരളമാതൃക
**പി. ശ്രീരാമകൃഷ്ണൻ**

28 വിജയഗാഥ
കരളോളം കരുതൽ
**വീണ രാജൻ**

31 അംഗീകാരം
പുരസ്കാരങ്ങളുടെ തലസ്ഥാനം






ല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനു വേണ്ടി സംസ്ഥാനത്തിൻറെ എല്ലാ
ുന്നതിനു വേണ്ടിയുള്ള ബ്രഹത് പദ്ധതിയാണ് 'എന്റെ ഭൂമി' യിലൂടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്


34 **കായികം**
പുതുചരിത്രം കുറിച്ച് സ്കൂൾ ഒളിമ്പിക്സ്
**എം.എൻ. സുനിൽകുമാർ**

38 **ഐഎഫ്എഫ്കെ**
വൈവിധ്യങ്ങളുടെ വർണ്ണരാജിയിൽ കേരളം
**രതീഷ് ജോൺ**

40 **അംഗീകാരം**
പതറാത്ത മാനവികതയ്ക്ക് കേരളശ്രീ തിളക്കം
**രമേഷ്കുമാർ വെള്ളമുണ്ട**

42 **സിനിമ**
ഓർമ്മയുണ്ടോ ആ സിനിമാക്കാലം?
**ജി. കൃഷ്ണസ്വാമി**

46 **ഓർമ്മ**
മായാത്ത പാദമുദ്രകൾ
**നിരഞ്ജന**

48 **ഊർജസംരക്ഷണം**
ഇന്നിനും നാളേക്കും ഊർജമേകുക
**ബീന ടി.എ**






> ഇന്ത്യയിലെ തന്നെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ് റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം'

# എല്ലാവർക്കും ഭൂമി, ഭൂരേഖ, സ്മാർട്ട് സേവനങ്ങൾ

ശാസ്ത്രത്തെയും സാങ്കേതിക വിദ്യകളെയും മനുഷ്യപുരോഗതിക്കും സാമൂഹിക പരിവർത്തനത്തിനുമായി ഉപയോഗപ്പെടുത്തുക എന്ന കാഴ്ചപ്പാടാണ് കേരളത്തെ നയിക്കുന്നത്. സേവനങ്ങൾ കൂടുതൽ സുഗമവും സുതാര്യവുമാക്കാനും സാങ്കേതികവിദ്യയുടെ വ്യാപനത്തിനു കഴിയും. വ്യവസായ - തദ്ദേശ സ്വയംഭരണ വകുപ്പുകളിൽ ഉൾപ്പെടെ ആ കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതിലൂടെ ഉണ്ടായിട്ടുള്ള പ്രകടമായ മാറ്റം ഇന്ന് കേരളത്തിന്റെ പൊതുസമൂഹത്തിനാകെ അനുഭവവേദ്യമാണ്.

ഈ മാറ്റത്തെ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി രാജ്യത്തിനാകെ മാതൃകയായ ഒരു പുതിയ പദ്ധതിക്കു കൂടി കേരളം തുടക്കമിട്ടിരിക്കുകയാണ്. റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം' ഇന്ത്യയിലെ തന്നെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണ്. ഡിജിറ്റൽ മേഖലയിൽ ഏറെ വികസിച്ചിട്ടുള്ള ലോകരാജ്യങ്ങൾക്കിടയിൽ പോലും വിരലിലെണ്ണാവുന്ന ഇടങ്ങളിൽ മാത്രമാണ് സമഗ്ര ഭൂരേഖാ ഡിജിറ്റൽ സംവിധാനങ്ങൾ നിലവിലുള്ളത് അതിനാൽ ഭൂരേഖാപരിപാലനത്തിനുള്ള സംവിധാനം യാഥാർഥ്യമാക്കുക വഴി കേരളം രാജ്യത്തി



'എന്റെ ഭൂമി' സംയോജിത പോർട്ടലിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു



നാകെ വഴികാട്ടുകയാണ്.

ഡിജിറ്റൽ ഭൂസർവെ മൂന്നാം ഘട്ടത്തിലേക്ക് കടക്കുന്ന സാഹചര്യത്തിലാണ് ഈ ഡിജിറ്റൽ ഭൂരേഖാസംവിധാനം യാഥാർഥ്യമായിട്ടുള്ളത്. സംസ്ഥാനത്തെ ഭൂരേഖാവിവരങ്ങൾ ഇനി ആർക്കും ഒറ്റ ക്ലിക്കിലൂടെ ലഭ്യമാകും. ഭൂമിയുടെ കൈമാറ്റം, ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻ സ്കെച്ച്, സർട്ടിഫിക്കറ്റ്, ഭൂനികുതി അടവ്, ന്യായവില നിർണ്ണയം, ഓട്ടോ മ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ തരംമാറ്റം തുടങ്ങിയ ഒട്ടേറെ സേവനങ്ങൾ ഇനി ഈ പോർട്ടലിലൂടെ ലഭ്യമാകും. വിവിധ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ ഇനി പൊതുജനങ്ങൾക്ക് ഭൂമിസംബന്ധമായ ഇടപാടുകൾ കാര്യക്ഷമമായും സുതാര്യമായും ലഭ്യമാകും.

## ഡിജിറ്റൽ സർവെയിലും മാതൃക

കാസർകോട് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ തുടക്കം കുറിക്കുന്ന എന്റെ ഭൂമി പോർട്ടൽ മൂന്ന് മാസത്തിനകം ഡിജിറ്റൽ സർവേ പൂർത്തിയായ 212 വില്ലേജുകളിലേക്കും വ്യാപിപ്പിക്കും. ഭൂരേഖാ വിവരങ്ങളുടെ നിരന്തരവും കൃത്യവുമായ പുതുക്കലുകളിലൂടെ ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം ഭൂരേഖാ പരിപാലനത്തെ സമഗ്രമാക്കും.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആരംഭിച്ച എന്റെ ഭൂമി ഡിജിറ്റൽ ലാൻഡ് സർവേ പദ്ധതിയിലൂടെ 212 വില്ലേജുകളിലെ 35.2 ലക്ഷം പാർസലുകളിലായി 4.8 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവെ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ഡിജിറ്റൽ ലാൻഡ് സർവെയിൽ കാര്യമായ പുരോഗതി കൈവരിച്ച ഏക സംസ്ഥാനമാണ് കേരളം.

സർക്കാരും ജനങ്ങളും തമ്മിലുള്ള ഇഴയടുപ്പം കൂടുതൽ വർധിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ കാഴ്ചപ്പാടോടെ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പന്ത്രണ്ട് പുതിയ റവന്യൂ ഇ-സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വസ്തുവിന്മേലുള്ള ബാധ്യത രേഖപ്പെടുത്തുന്നതിനും ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും കെട്ടിട നികുതി അപ്പീൽ നൽകുന്നതിനുമുള്ള ഓൺലൈൻ സംവിധാനങ്ങൾ സംസ്ഥാനത്ത് ഇന്ന് ലഭ്യമാണ്. റവന്യൂ റിക്കവറി ഡിജിറ്റൽ പേമെന്റ് സംവിധാനവും ഇ-സർവീസ് മൊബൈൽ ആപ്ലിക്കേഷൻ പരാതി പരിഹാര സംവിധാനങ്ങളും ഭൂമി സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളുടെ വിവരം ലഭ്യമാക്കാനുള്ള സംവിധാനവും എല്ലാം ഇ-സേവനങ്ങൾ മുഖേനയാക്കി വരികയാണ്.

ഇതെല്ലാം തന്നെ ജനങ്ങളുടെ ജീവിതത്തെ കൂടുതൽ മെച്ചപ്പെടുത്താനായി സർക്കാർ സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തുന്നതിന്റെ ദൃഷ്ടാന്തങ്ങളാണ്.

റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ നൂതന സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. ഡിജിറ്റൽ റീസർവെ നടപ്പാക്കിയും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ഒരുക്കിയും യുണീക്ക് തണ്ടപ്പേർ ഏർപ്പെടുത്തിയും ഇ-ഗവേണൻസ് സംവിധാനങ്ങളെ ശക്തിപ്പെടുത്തിയും കേരളത്തിലുള്ളവർക്കു മാത്രമല്ല, ലോകമെങ്ങുമുള്ള കേരളീയ പ്രവാസി സഹോദരങ്ങൾക്കാകെ ഉപകാരപ്രദമാകും വിധം റവന്യൂ വകുപ്പിന്റെ സേവനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. റവന്യൂ വെബ് പോർട്ടൽ വഴി നൽകുന്ന സേവനങ്ങൾ ഇന്ന് 10 വിദേശ രാജ്യങ്ങളിൽ കൂടി ലഭ്യമാണ്. യു കെ, യു എസ് എ, കാനഡ, സിങ്കപ്പൂർ, സൗദി അറേബ്യ, യു എ ഇ, ഒമാൻ, ഖത്തർ, കുവൈത്ത്, ബഹറിൻ എന്നീ രാജ്യങ്ങളിലാണ് ആദ്യഘട്ടമായി സേവനങ്ങൾ ലഭ്യമാക്കുന്നത്. പടിപടിയായി ഇത് മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കും.

സംസ്ഥാനത്ത് ഇ-പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതും പ്രത്യേക പട്ടയമിഷനു രൂപം നൽകിയതും എല്ലാം ഭൂമിയുടെ കൈവശാവകാശം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ഇടപെടലുകളാണ്. ഇതിനൊക്കെ പുറമെയാണ് എന്റെ ഭൂമി പോർട്ടൽ യാഥാർഥ്യമാക്കിയിട്ടുള്ളത്. റവന്യൂ വകുപ്പിനെ കൂടുതൽ ജനോന്മുഖമാക്കാൻ ഇത് ഉപകാരപ്രദമാകും എന്നാണ് സർക്കാരിന്റെ പ്രതീക്ഷ.■

**ഡിജിറ്റൽ ഭൂസർവെ മൂന്നാം ഘട്ടത്തിലേക്ക് കടക്കുന്ന സാഹചര്യത്തിലാണ് ഈ ഡിജിറ്റൽ ഭൂരേഖാസംവിധാനം യാഥാർഥ്യമായിട്ടുള്ളത്. സംസ്ഥാനത്തെ ഭൂരേഖാവിവരങ്ങൾ ഇനി ആർക്കും ഒറ്റ ക്ലിക്കിലൂടെ ലഭ്യമാകും**

കെ. രാജൻ
റവന്യൂ, ഭവനനിർമ്മാണ വകുപ്പ് മന്ത്രി

കേരളം ഒരു പുതുചരിത്രം കൂടി രചിക്കുകയാണ്. ഭൂമി സംബന്ധിച്ചുള്ള തർക്കങ്ങളില്ലാത്ത നാടായി മലയാളക്കരയെ മാറ്റുന്നതിന് റവന്യൂ വകുപ്പ് ജനകീയമായ ഒരു ചുവടുവയ്പിലാണ്

# ഡിജിറ്റൽ റീ സർവെ
# പുതുചരിത്രം



കേരളത്തിന്റെ ഭൂഭരണത്തിൽ പുത്തനധ്യായം രചിച്ചുകൊണ്ടാണ് റവന്യൂ-സർവെ-രജിസ്ട്രേഷൻ സംയോജിത ഡിജിറ്റൽ പോർട്ടൽ നിലവിൽ വന്നിരിക്കുന്നത്. ഇതോടെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറി. ഡിജിറ്റൽ റീ സർവെയിലൂടെ കേരളത്തിൽ ഭൂമിയുടെ കൈവശാവകാശം കൃത്യവും സുതാര്യവുമായി അളന്ന് രേഖപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഭൂവുടമകളുടെ പങ്കാളിത്തത്തോടെ അവയെല്ലാം തർക്കമില്ലാത്ത സുരക്ഷിത ഡിജിറ്റൽ രേഖയാകും.

ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയിൽ ഏറെ മുന്നിൽ നിൽക്കുന്ന ലോക രാജ്യങ്ങളിൽ വിരലിലെണ്ണാവുന്ന ഇടങ്ങളിൽ മാത്രമാണ് സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം നിലവിലുള്ളത്. എസ്തോണിയ, സിങ്കപ്പൂർ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളാണ് ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുള്ളത്. യുകെ, ഓസ്ട്രേലിയ, കാനഡ, ജർമ്മനി എന്നീ രാജ്യങ്ങൾ ഇക്കാര്യത്തിൽ ഭാഗികമായി പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇവരോടെല്ലാം കിടപിടിക്കും വിധം ഭൂരേഖകളുടെ സമഗ്ര ഡിജിറ്റൽ സംവിധാനം ഒരുക്കുന്നതിലൂടെ ഒരു പുതിയ കേരള മാതൃകകൂടി യാഥാർഥ്യമാകുകയാണ്. ഇതുവഴി ഈ രംഗത്ത് കേരളം ലോകനിലവാരത്തിലേക്ക് ഉയരും.

## ഭൂപരിഷ്കരണത്തിന്റെ തുടർച്ചയും കൂട്ടിച്ചേർക്കലും

സംയോജിത ഡിജിറ്റൽ പോർട്ടലിനെ കേവലം ഒരു ഓൺലൈൻ സംവിധാനം മാത്രമായി കാണാനാവില്ല. ലോകത്തിന് ആകെ മാതൃകയായി കേരളം നടപ്പിലാക്കിയ ഭൂപരിഷ്കരണ നിയമത്തിന്റെ തുടർച്ചയും അഭിലഷണീയ കൂട്ടിചേർക്കലുമാണ് 'ഡിജിറ്റൽ റീ സർവെയും' 'എന്റെ ഭൂമി' എന്ന സംയോജിത പോർട്ടലും. 1970 ജനുവരി ഒന്നിന് കേരളത്തിൽ നിലവിൽ വന്ന സമഗ്ര ഭൂപരിഷ്കരണ നിയമം പോലെ കേരളത്തിന്റെ മറ്റൊരു ചരിത്രമാണ് 2023 ൽ രണ്ടാം പിണറായി വിജയൻ സർക്കാർ ആരംഭിച്ച ഡിജിറ്റൽ ലാൻഡ് സർവെ. ഇതൊരു രണ്ടാം ഭൂപരിഷ്കരണമാണ്. എല്ലാവർക്കും ഭൂമി ഉണ്ടാവണമെന്നും അവയ്ക്ക് കൃത്യമായ രേഖകൾ ഉണ്ടാകണമെന്നുമുള്ള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലൂന്നി പദ്ധതികൾ തയ്യാറാക്കിയാണ് ഈ മുന്നേറ്റം. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് ഏറ്റെടുത്ത ഏറ്റവും ശക്തമായ തീരുമാനമാണ് ഡിജിറ്റൽ റീ സർവെ.

1966 ലാണ് കേരളത്തിൽ റീ സർവെ നടപടികൾ ആരംഭിക്കുന്നത്. 55 വർഷം പിന്നിട്ട് തിരിഞ്ഞുനോക്കുമ്പോൾ ആകെയുള്ള 1666 വില്ലേജുകളിൽ 921 എണ്ണത്തിൽ മാത്രമാണ് റീ സർവെ പൂർത്തിയാക്കിയത്. ചങ്ങല ഉൾപ്പെടെയുള്ള പരമ്പരാഗത സർവെ ഉപകരണങ്ങൾ മാത്രമാണ് നമുക്ക് ലഭ്യമായിരുന്നത് എന്നതാണ് ഈ കാലതാമസത്തിന് കാരണം. 1996 കാലഘട്ടത്തിൽ ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്ന പുതിയ സാങ്കേതിക വിദ്യ നിലവിൽ വന്നെങ്കിലും ഉദ്ദേശിച്ച വേഗം കൈവരിക്കാൻ കഴിഞ്ഞിരുന്നില്ല. 16 വർഷം കൊണ്ട് ആകെ 92,000 ഹെക്ടർ ഭൂമി മാത്രമാണ് ഇതിലൂടെ അളന്ന് തിട്ടപ്പെടുത്താനായത്. ഇതിനിടെ ഭൂമി സംബന്ധമായ തർക്കങ്ങളുടെ എണ്ണം വർധിച്ചു. അതിനനുസൃതമായി സർവെ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യവും സൃഷ്ടിക്കപ്പെട്ടു. ഈ ഘട്ടത്തിലാണ് കേരളത്തെ സമഗ്രവും സുതാര്യവുമായി വേഗത്തിൽ അളന്ന് തിട്ടപ്പെടുത്തുന്ന ഡിജിറ്റൽ ലാൻഡ് സർവെ എന്ന ആശയ

> **ചുരുങ്ങിയ സമയത്തുതന്നെ കേരളത്തിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. സർവെ പൂർത്തീകരിക്കുന്ന വില്ലേജുകളിൽ എന്റെ ഭൂമി എന്ന സംയോജിത പോർട്ടൽ കൂടി യാഥാർഥ്യമാകുന്നതോടെ ഭൂമി കൈമാറ്റ പ്രക്രിയയിൽ അഭിമാനകരമായ നേട്ടം കൈവരിക്കാനാകും**




ത്തിലേക്ക് നാം പോയത്.

ഇന്ത്യയിലെ ആധുനിക സങ്കേതങ്ങളായ കോർസിന്റെ 28 സ്റ്റേഷനുകളുടെ ജിയോ നെറ്റ് വർക്കും നാവിഗേറ്റർ സാറ്റലൈറ്റ് സിഗ്നലിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആർ.ടി.കെ ഉപകരണങ്ങളുടെയും റോബോട്ടിക് ടോട്ടൽ സ്റ്റേഷനുകളുടെയും സഹായത്തോടെ ഇപ്പോൾ ഡിജിറ്റൽ സർവെ മുന്നേറുകയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾക്ക് മാതൃകയാണിത്. ഇതിനകം തമിഴ്നാട്, ആന്ധ്രാപ്രദേശ്, അസം എന്നീ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയും ഡിജിറ്റൽ സർവെയുടെ കേരളമാതൃക അതത് ഇടങ്ങളിൽ അവലംബിക്കുന്നതിന് മുന്നോടിയായി കേരളത്തിലെത്തി പഠനങ്ങൾ നടത്തിയിരുന്നു.

## വ്യത്യസ്തസേവനങ്ങൾ ഒരു പോർട്ടലിൽ

എന്റെ ഭൂമി എന്ന പോർട്ടലിലൂടെ സംസ്ഥാനത്തെ മുഴുവൻ ഭൂമിയുടെയും ഡിജിറ്റൽ രേഖ പ്രസിദ്ധീകരിക്കുക എന്നതായിരുന്നു ലക്ഷ്യം. 2022 നവംബർ ഒന്നിന് ആരംഭിച്ചെങ്കിലും സാങ്കേതിക ഉപകരണങ്ങളുടെ ലഭ്യത, ജീവനക്കാരുടെ നിയമനം എന്നിവ സാധ്യമാക്കുന്നതിനെടുത്ത കാലതാമസം തുടക്കത്തിൽ തടസ്സങ്ങളുണ്ടാക്കിയിരുന്നു. 2023 ൽ ആണ് എല്ലാ സംവിധാനങ്ങളോടെയുമുള്ള സർവെ ആരംഭിച്ചത്. 212 വില്ലേജുകളിലെ 35.5 ലക്ഷം ലാൻഡ് പാർസലുകളിലായി 4.87 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവെ ഡിജിറ്റലായി ഇതിനകം പൂർത്തിയാക്കി. 9 (2) വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞു.

റീസർവെ നടക്കുന്ന വില്ലേജുകളിലെ എല്ലാ വാർഡുകളിലും ഗ്രാമസഭയുടെ

**ചുരുങ്ങിയ സമയത്തുതന്നെ കേരളത്തിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. സർവെ പൂർത്തീകരിക്കുന്ന വില്ലേജുകളിൽ എന്റെ ഭൂമി എന്ന സംയോജിത പോർട്ടൽ കൂടി യാഥാർഥ്യമാകുന്നതോടെ ഭൂമി കൈമാറ്റ പ്രക്രിയയിൽ അഭിമാനകരമായ നേട്ടം കൈവരിക്കാനാകും.**

# ലോകത്തിന് മുന്നിൽ നടന്ന് കേരളം

## റവന്യൂ ഇ സേവനങ്ങളിലും ഇ ഗവേണൻസിലും ഏറെ മുന്നേറി സംസ്ഥാനം

ഇന്ത്യ നടക്കുമ്പോൾ കേരളം മുന്നിൽ നടക്കും എന്ന ചൊല്ലിന് ലോകം നടക്കുമ്പോൾ കേരളം മുന്നിൽ നടക്കും എന്ന ഭേദഗതി വരുത്തുന്ന തരത്തിലാണ് ഇ-ഗവേണൻസിൽ റവന്യൂ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ. എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപിത ലക്ഷ്യസാക്ഷാത്ക്കാരത്തിനായി പൊതുജനങ്ങൾക്കും വകുപ്പിലെ ജീവനക്കാർക്കും ഒരു പോലെ സഹായകരമായ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന വിവിധ സാക്ഷ്യപത്രങ്ങളിൽ ഒന്നൊഴികെ മറ്റെല്ലാം ഓൺലൈനായാണ് നൽകുന്നത്. കൂടാതെ സമസ്ത മേഖലകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ വിവിധ ഇ-ഗവേണൻസ് സംരംഭങ്ങളും റവന്യൂ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ശേഖരണസേവനങ്ങൾ, പൗരസേവനങ്ങൾ, ജീവനക്കാരുടെ സേവനങ്ങൾ, ഇൻവെന്ററി സേവനങ്ങൾ എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. റവന്യൂവകുപ്പിന്റെ ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്ത ഭൂരേഖകളെ അടിസ്ഥാനമാക്കി ഭൂനികുതി, ആധാർ ബന്ധിപ്പിക്കൽ, സർട്ടിഫിക്കറ്റ് സേവനങ്ങൾ, ഭൂമി പരിവർത്തനം, ഭൂമി ഏറ്റെടുക്കൽ, ഭൂസംരക്ഷണം എന്നിവ ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള മൊഡ്യൂളുകൾ വികസിപ്പിച്ചിട്ടുണ്ട്. ഇത്തരം മൊഡ്യൂളുകൾ ഇന്ത്യയിൽ തന്നെ ആദ്യമായാണ് നിലവിൽ വരുന്നത്. നാലാം നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ഇലക്ട്രോണിക് മോർട്ട്ഗേജ് റിക്കോർഡർ എന്ന ആപ്ലിക്കേഷൻ വിവിധ ധനകാര്യ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഉപകാരപ്രദമാണ് എന്നതിലുപരി ഭൂമി കൈമാറ്റങ്ങളിൽ സുതാര്യത ഉറപ്പു വരുത്താനും ഉതകും.

നൂതനമായ 12 ഇ ഗവേണൻസ് അപ്ലിക്കേഷനുകളാണ് നാലാം

# കേന്ദ്രീകൃത ഓൺലൈൻ സംവിധാനം

സർക്കാർ വകുപ്പുകളിൽ ഓൺലൈൻ സ്ഥലംമാറ്റം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കിയ ആദ്യവകുപ്പും റവന്യൂ വകുപ്പാണ്. 2023 ൽ സ്റ്റേഷൻ സീനിയോരിറ്റി അടിസ്ഥാനമാക്കിയും 2024 ൽ കേഡർ സീനിയോരിറ്റി അടിസ്ഥാനമാക്കിയും നടപ്പിലാക്കിയ ഓൺലൈൻ പൊതുസ്ഥലംമാറ്റം, സ്ഥലംമാറ്റ പ്രക്രിയയിലെ സുതാര്യതയും കാര്യക്ഷമതയും വളരെയധികം വർധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തിലെ 14 ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന രണ്ടായിരത്തിലധികം വരുന്ന റവന്യൂ കാര്യാലയങ്ങളും ഇ-ഓഫീസ് മുഖേന ഡിജിറ്റലായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത് വഴി ഭരണനിർവഹണത്തിന്റെ വേഗം വർധിപ്പിക്കുന്നതിനും വകുപ്പിന് സാധിച്ചിട്ടുണ്ട്. ഓഫീസുകളിൽ അടിസ്ഥാനസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഹൈ ബാൻഡ്വിഡ്ത്ത് KFON നെറ്റ്‌വർക്ക് കണക്ഷനുകൾ അനുവദിക്കുകയുണ്ടായി.

ഭരണനിർവഹണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി സർപ്രൈസ് പരിശോധനകൾ, പരാതിപരിഹാരം, നൂതന ആശയശേഖരണം, സേവന പുരോഗതി എന്നിവ അവലോകനം ചെയ്യുന്നതിനുള്ള കേന്ദ്രീകൃത ഓൺലൈൻ സംവിധാനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കാട്ടാക്കട താലൂക്കിലെ വിളപ്പിൽ വില്ലേജിൽ വിജയകരമായി പൈലറ്റ് ചെയ്തിട്ടുള്ള റവന്യൂ റിക്കവറി ഡിജിറ്റൽ പേയ്മെന്റ് മൊഡ്യൂൾ, അപ്പീൽ നടപടിക്രമങ്ങൾ പൂർണമായും ഉൾക്കൊള്ളിച്ചിട്ടുള്ള കേരള ബിൽഡിങ്ങ് ടാക്സ് അപ്പീൽ മൊഡ്യൂൾ എന്നിവ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് സഹായകമാകുന്നതാണ്.

മാതൃകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സർവെ സഭകൾ സംഘടിപ്പിച്ചും ഡിജിറ്റൽ സർവെയെ സഹായിക്കാനും നിരീക്ഷിക്കാനുമായി വാർഡ് അംഗത്തിന്റെ നേതൃത്വത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചും ഭൂവുടമകളുടെ സാന്നിധ്യത്തിലാണ് സർവെ നടപടികൾ നടന്നുവരുന്നത്. സർവെ നടപടികളിലെ ജനകീയതയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. സർവെ പൂർത്തീകരിച്ച് കരട് പ്രസിദ്ധീകരിക്കുമ്പോൾ തന്നെ എന്റെ ഭൂമി പോർട്ടലിൽ അത് അപ്‌ലോഡ് ചെയ്യപ്പെടും. ഇതിൽ ആക്ഷേപം ബോധിപ്പിക്കാനുള്ള അവസരം തത്സമയം പോർട്ടലിൽ തന്നെ ലഭ്യമാണ്. ഇത് മൂലം തുടർ പരാതികളുടേയും ഭൂമിതർക്ക കേസുകളുടെയും എണ്ണം കുറയ്ക്കാൻ കഴിയും എന്നതാണ് പ്രധാന നേട്ടം.

ചുരുങ്ങിയ സമയത്തുതന്നെ കേരളത്തിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. സർവെ പൂർത്തീകരിക്കുന്ന വില്ലേജുകളിൽ എന്റെ ഭൂമി എന്ന സംയോജിത പോർട്ടൽ കൂടി യാഥാർഥ്യമാകുന്നതോടെ ഭൂമി കൈമാറ്റ പ്രക്രിയയിൽ അഭിമാനകരമായ നേട്ടം കൈവരിക്കാനാകും. ഭൂമിയുടെ കൈമാറ്റം, ഭൂമി രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻ, ഓട്ടോ മ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂമിയുടെ നികുതിയടവ്, ഭൂമി തരംമാറ്റം, ന്യായവില നിർണ്ണയം തുടങ്ങിയ നിരവധി സേവനങ്ങൾ എല്ലാം ഒറ്റ പോർട്ടലിലൂടെ ലഭ്യമാകുന്ന സംസ്ഥാനമായി കേരളം മാറുകയാണ്. വില്ലേജ് ഓഫീസ്, സർവെ ഓഫീസ്, രജിസ്ട്രേഷൻ ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് വ്യത്യസ്തമായി ലഭ്യമാക്കേണ്ടിയിരുന്ന സേവനങ്ങളാണ് ഈ വിധം വിരൽത്തുമ്പിലേക്ക് കൊണ്ടുവന്നിരിക്കുന്നത്. റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകൾ സംയുക്തമായി തയ്യാറാക്കിയ 'എന്റെ ഭൂമി' സംയോജിത പോർട്ടലിലൂടെ കാര്യക്ഷമവും വേഗത്തിലുള്ളതുമായ സേവനമാണ് സർക്കാർ ജനങ്ങൾക്ക് സമ്മാനിക്കുന്നത്. ഒപ്പം സുതാര്യതയും സുരക്ഷയും ഉറപ്പുവരുത്തുന്നു. ■

നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചത്. സാമൂഹിക സുരക്ഷാപെൻഷൻ, കെട്ടിടനികുതി / അധികനികുതി ഒടുക്കൽ, റവന്യൂ റിക്കവറി പേയ്മെന്റ്, എന്നിവയ്ക്കായുള്ള ഓൺലൈൻ സംവിധാനവും ഒരുക്കി കഴിഞ്ഞു. മൊബൈൽ ഗവേണൻസിന്റെ ഭാഗമായി UI/UX സവിശേഷതകൾ ഉൾക്കൊള്ളിച്ചുള്ള ഭൂസേവനങ്ങൾക്കായി മൊബൈൽ ആപ്പ് പുറത്തിറക്കാനായത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കമാകുമെന്ന് കരുതുന്നു. Relis പോർട്ടൽ പരിഷ്കരിച്ചതോടുകൂടി യുഎസ്എ, യുകെ കാനഡ, സിങ്കപ്പൂർ, സൗദി അറേബ്യ, യു.എ.ഇ, ഒമാൻ, ഖത്തർ, കുവൈത്ത്, ബഹറിൻ തുടങ്ങിയ പത്ത് വിദേശരാജ്യങ്ങളിൽ നിന്നും ഭൂനികുതി, കെട്ടിടനികുതി അധികനികുതി എന്നിവ ഒടുക്കാനും ഭൂമി തരംമാറ്റം, പോക്കുവരവ്, തണ്ടപ്പേർ പകർപ്പ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാനും കഴിയും. ഇതിനു പുറമേ ബിസിനസ് ഉപയോക്താവിന് പാൻ നമ്പർ ഉപയോഗിച്ച് സുരക്ഷിതമായി ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യവും നടപ്പിലാക്കിയിട്ടുണ്ട്.

വ്യക്തികൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും കബളിപ്പിക്കലുകൾ അവസാനിപ്പിക്കുന്നതിനും സഹായകരമായ Any land search എന്ന സംവിധാനം Relis ൽ ഏർപ്പെടുത്തിയതിന് വലിയ സ്വീകാര്യതയാണ് ലഭ്യമായി കൊണ്ടിരിക്കുന്നത്. ഈ സംവിധാനത്തിലൂടെ ഏതൊരു ഭൂമിയുടേയും വിവരം തിരയുന്നതിനും ഉടമയുടെ വിവരങ്ങൾ നികുതി കുടിശ്ശിക, തണ്ടപ്പേർ നമ്പർ, സർവെ നമ്പർ എന്നിവ അറിയുന്നതിനും സാധിക്കും. കഴിഞ്ഞ രണ്ട് വർഷക്കാലത്തിനുള്ളിൽ 10 ലക്ഷത്തോളം പേർ റെലീസ് പോർട്ടലിൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളത് ഈ പദ്ധതിയുടെ പൊതുജന പങ്കാളിത്തം വർധിച്ചതിന്റെ തെളിവാണ്.

2024-25-ൽ നിരവധി നവീന ഇ-ഗവേണൻസ് ഉദ്യമങ്ങളിൽ വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. റവന്യൂ ഇ-കോടതികൾ (Revenue e-Courts), ഫ്ളാറ്റ് ഉടമകൾക്ക് സഹായകമായ ഭൂമിയിലുള്ള അവിഭക്ത വിഹിതത്തിലുള്ള ഉടമസ്ഥാവകാശം (Vertical Property Land Ownership), പട്ടയം ഇ-മൊഡ്യൂൾ, റവന്യൂ കാർഡ് എന്നിവ അവയിൽ ചിലതാണ്. കൂടാതെ, ഡിജിറ്റൽ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും വകുപ്പുകൾ തമ്മിലുള്ള സുസ്ഥിരമായ ഡിജിറ്റൽ വിവര കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു ഇ-സാക്ഷരത കാമ്പയിൻ കൂടി വിഭാവനം ചെയ്തിട്ടുണ്ട്.

# 12 ഇ-സേവനങ്ങൾ കൂടി

ജനോപകാരപ്രദവും സുതാര്യവുമായ ഭരണനിർവഹണത്തിലൂടെ കേരളത്തിന്റെ സമഗ്രപുരോഗതിക്ക് അടിത്തറ പാകി മുന്നോട്ട് പോവുകയാണ് പിണറായി വിജയൻ സർക്കാർ. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന സർക്കാർ നയത്തിന്റെ ഭാഗമായാണ് റവന്യൂ വകുപ്പും സ്മാർട്ട് ആകുന്നത്.

ഈ സർക്കാർ അധികാരമേറ്റെടുത്തതിനു ശേഷമുള്ള നാലാമത്തെ നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് 12 ഇ-സേവനങ്ങൾ കൂടി ലഭ്യമാക്കിയിരിക്കുകയാണ്. നേരത്തേ ആരംഭിച്ച 27 ഇ-സേവനങ്ങൾക്ക് പുറമെയാണിത്








പുതിയ 12 റവന്യു ഇ-സേവനങ്ങളുടെ ഉദ്ഘാടനം റവന്യു മന്ത്രി കെ.രാജൻ നിർവഹിക്കുന്നു

## 1. 10 വിദേശ രാജ്യങ്ങളിൽ സേവനങ്ങൾ

റവന്യൂ വകുപ്പിൽ www.revenuekerala.gov.in എന്ന വെബ് പോർട്ടൽ മുഖേന നൽകിവരുന്ന ഓൺലൈൻ ഭൂനികുതി, കെട്ടിടനികുതി, അധികനികുതി, തരംമാറ്റം മുതലായ സേവനങ്ങൾ 10 വിദേശ രാജ്യങ്ങളിൽ കൂടി ലഭ്യമാക്കി. യു.കെ, യു.എസ്.എ, കാനഡ, സിങ്കപ്പൂർ, സൗദി അറേബ്യ, യു.എ.ഇ, ഒമാൻ, ഖത്തർ, കുവൈത്ത്, ബഹറിൻ എന്നീ രാജ്യങ്ങളിലാണ് സേവനങ്ങൾ ലഭ്യമാകുക.

## 2. ഇലക്ട്രോണിക് മോർട്ട് ഗേജ് റെക്കോർഡർ

ഭൂമി പണയപ്പെടുത്തി ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകളുടെ വിവരങ്ങൾ നിശ്ചിത ഫീസ് ഈടാക്കി റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിൽ റലീസിൽ രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് ഇലക്ട്രോണിക് മോർട്ട് ഗേജ് റെക്കോർഡർ (EMR). വായ്പയുടെ ബാധ്യത അതത് ലാൻഡ് പാർസലിൽ രേഖപ്പെടുത്തുന്നതിനും രേഖപ്പെടുത്തിയ ബാധ്യത നീക്കം ചെയ്യുന്നതിനുമുള്ള സൗകര്യം ഈ സംവിധാനം മുഖേന ബാങ്കുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. http://www.emrkerala.gov.in എന്ന ലിങ്കിൽ സേവനം ലഭ്യമാണ്.

## 3. ലോഗിൻ ചെയ്യാതെ ഭൂവിവരങ്ങൾ

റവന്യൂ വകുപ്പിലെ ഭൂമി സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്തുവരുന്നത് https://revenuekerala.gov.in എന്ന വെബ് അപ്ലിക്കേഷൻ വഴിയാണ്. ഇതിൽ പൊതുജനങ്ങൾക്ക് ലോഗിൻ ചെയ്യാതെ തന്നെ ഭൂമിസംബന്ധിച്ച വിവരങ്ങൾ സെർച്ച് ചെയ്ത് കണ്ടെത്തുന്നതിനുള്ള സൗകര്യം EoDB SBRAPന്റെ ഭാഗമായി ReLIS പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി https:/revenue.kerala.gov.in സന്ദർശിച്ച് Verify Land എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക, തുടർന്ന് Transaction Reports ൽ ക്ലിക്ക് ചെയ്യുക. തുടർന്ന് ഏത് ഭൂമിയെ കുറിച്ചുള്ള വിവരമാണോ ആവശ്യം ആയതിന്റെ ജില്ല, താലൂക്ക്, വില്ലേജ്, ബ്ലോക്ക് തുടങ്ങിയ വിവരങ്ങളും സർവെ നമ്പർ അല്ലെങ്കിൽ തണ്ടപ്പേർ നമ്പറും നൽകിയാൽ മതിയാകും.

## 4. കെബിറ്റി അപ്പീൽ

1975ലെ കേരള ബിൽഡിംഗ് ടാക്സ് ആക്ട് പ്രകാരം കെട്ടിടങ്ങൾക്ക് ബാധകമായ ഒറ്റത്തവണ നികുതി, അധികനികുതി എന്നിവ ഈടാക്കുന്നതിനും പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുന്നതിനും ഓൺലൈനായി നികുതിദായകർക്ക് നികുതി ഒടുക്കുന്നതിനുമുള്ള സംവിധാനം നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം, KBT അപ്പീൽ ഓൺലൈനായി പ്രോസസ്സ് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം വികസിപ്പിച്ചിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്ക് സ്വന്തമായിത്തന്നെ ഓൺലൈൻ ആയി അപ്പീൽ നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അപ്പീലുമായി ബന്ധപ്പെട്ട ഫീസ് ഓൺലൈൻ ആയി തന്നെ ഒടുക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. പോർട്ടൽ വഴി ഹിയറിങ് തീരുമാനിക്കുന്നതിനും ഹിയറിങ് നോട്ടിസ് ഓൺലൈൻ ആയിത്തന്നെ തയ്യാറാക്കി ലഭ്യമാക്കുന്നതിനും ക്രമീകരണം നടത്തിയിട്ടുണ്ട്. അപ്പീൽ ഉത്തരവും ഓൺലൈൻ ആയി തഹസിൽദാർ കാര്യാലയത്തിൽ ലഭ്യമാകുന്ന ക്രമീകരണവുമുണ്ട്.

## 5. റവന്യൂ റിക്കവറി - ഡിജിറ്റൽ പെയ്മെന്റ്

റവന്യൂ റിക്കവറി നിയമം 1968 മുഖേന കുടിശ്ശികക്കാരിൽ നിന്നും റവന്യൂ ഇ - പെയ്മെന്റ് വഴി വില്ലേജ് ഓഫീസിൽ സ്വീകരിക്കുന്ന കുടിശ്ശികത്തുകയിൽ സർക്കാർ കുടിശ്ശിക ഒഴികെയുള്ളവ നിലവിൽ അതത് അർഥനാധികാരികളുടെ പേരിൽ ബാങ്ക് ഡ്രാഫ്റ്റായോ ബാങ്ക് അക്കൗണ്ടിൽ




നേരിട്ടോ ഒടുക്കുകയാണ് ചെയ്യുന്നത്. വില്ലേജ് ജീവനക്കാരുടെ വളരെയധികം പ്രവർത്തനസമയവും അധ്വാനവും അപഹരിക്കുന്നതാണ് ഈ പ്രവൃത്തി. ഇത് ലഘൂകരിക്കുന്നതിനായാണ് റവന്യൂ റിക്കവറി - ഡിജിറ്റൽ പെയ്മെന്റ് സംവിധാനം വികസിപ്പിച്ചത്.

സംസ്ഥാനത്തെ എല്ലാ താലൂക്ക് തഹസിൽദാർമാരുടേയും പേരിൽ അതത് ട്രഷറികളിൽ സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചു. വില്ലേജുകളിൽ സ്വീകരിക്കുന്ന സർക്കാർ കുടിശ്ശിക ഒഴികെയുള്ള കുടിശ്ശികത്തുകകൾ പ്രസ്തുത ടി എസ് ബി അക്കൗണ്ടിൽ നിന്നും അർഥനാധികാരികൾ നിർദേശിച്ചിട്ടുള്ള അക്കൗണ്ടുകളിലേക്ക് കേന്ദ്രീകൃതമായി DBT ആയി കൈമാറുന്നതിനുള്ള സംവിധാനമാണ് റവന്യൂ റിക്കവറി - ഡിജിറ്റൽ പെയ്മെന്റ് സംവിധാനം.

സംസ്ഥാനത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലെയും ജോലിഭാരം വലിയ തോതിൽ കുറയ്ക്കാൻ ഇതുവഴി സാധിക്കുന്നുണ്ട്. റവന്യൂ റിക്കവറിയിലെ ഡിജിറ്റൽ പേയ്മെന്റുകൾ ശക്തമായ ഒരു മാറ്റമുണ്ടാക്കി. ഡിമാൻഡ് ഡ്രാഫ്റ്റുകൾക്കായി വില്ലേജ് ഓഫീസർമാർ ബാങ്കുകൾ സന്ദർശിക്കേണ്ടതില്ല. ബാങ്ക് ജീവനക്കാർ അവ കൈകാര്യം ചെയ്യുന്നതിനുള്ള കാലതാമസവും തഹസിൽദാർമാർക്ക് ഡ്രാഫ്റ്റുകൾ ഏകീകരിക്കുന്നതും കത്തുകൾ എഴുതുന്നതുമായ ജോലികളും ഒഴിവായി. ഡെസ്പാച്ച് ടീം ആശയവിനിമയങ്ങൾ അയയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടു. ഒരു മാസം നീണ്ടുനിന്നിരുന്ന പ്രക്രിയ ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ പൂർത്തീകരിച്ച് ഫണ്ടുകൾ കൈമാറാൻ സാധിക്കുന്ന എന്ന വലിയ മാറ്റം ഇതുവഴി സാധിച്ചു.

## 6. പാൻ നമ്പർ ഉപയോഗിച്ചും ലോഗിൻ സൗകര്യം

റവന്യൂ വകുപ്പിലെ ഭൂമി സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്തു വരുന്നത് https://revenue kerala. gov.in/ എന്ന വെബ് അപ്ലിക്കേഷൻ വഴിയാണ്. ഇതിൽ തരംമാറ്റം അപേക്ഷകൾ സമർപ്പിക്കുന്നതിനായി പോർട്ടലിൽ ലോഗിൻ ചെയ്യേണ്ടതായിട്ടുണ്ട്. നിലവിൽ പൊതുജനങ്ങൾക്ക് മൊബൈൽ നമ്പർ വഴി ലോഗിൻ ചെയ്യാനുള്ള സൗകര്യം മാത്രമാണ് ഉള്ളത്. എന്നാൽ സംസ്ഥാനത്തെ സംരംഭ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി K-SWIFT പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു ബിസിനസ്സ് ഉപയോക്താവിനും തന്റെ മൊബൈൽ നമ്പർ ലോഗിൻ സൗകര്യത്തോടൊപ്പം പാൻ നമ്പരും ഉപയോഗിച്ച് https://revenue.kerala.gov.in/ പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

## 7. റവന്യൂ ഇ സർവ്വീസസ് മൊബൈൽ ആപ്പ്

ആൻഡ്രോയിഡ് മൊബൈൽ ഫോണുകളിൽ പ്രവർത്തിക്കത്തക്ക വിധത്തിലുള്ള റവന്യൂ ഇ -സർവീസസ് മൊബൈൽ ആപ്പ് (Revenue e-Services Mobile App) യൂസർ അക്സെപ്റ്റൻസ് ടെസ്റ്റ് പൂർത്തീകരിച്ചു. ആദ്യഘട്ടമായി ഭൂനികുതി സ്വീകരിക്കുന്നതിനുള്ള സൗകര്യമാണ് ആപ്പിൽ ഉൾപ്പെടുത്തിയത്. ഇതിന്റെ സെക്യൂരിറ്റി ഓഡിറ്റ് പുരോഗമിക്കുന്നു.

## 8. ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം

പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ സമൂഹത്തിന്റെ ഉന്നമനത്തിനും രാജ്യത്തിന്റെ വികസനത്തിനും നിർണ്ണായകമാണ്. കേരളം ജനസാന്ദ്ര സംസ്ഥാനമായതിനാൽ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ലഭ്യമാക്കുക അത്യാവശ്യമാണ്. റോഡുകൾ, റെയിൽപ്പാതകൾ, ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് സമൂഹത്തിന് വലിയ ഗുണം ചെയ്യുന്ന നടപടിയാണ്.


ഭൂമി ഏറ്റെടുക്കൽ നടപടികളിൽ വേഗതയും കാര്യക്ഷമതയും കൈവരിക്കുക, സുതാര്യത ഉറപ്പാക്കുക, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്കും ബാധിതരായ കുടുംബങ്ങൾക്കും നൽകുന്ന നഷ്ടപരിഹാരത്തിന്റെ കൃത്യതയും അത് വിതരണം ചെയ്യുന്ന പ്രക്രിയയുടെ സുതാര്യതയും ഉറപ്പാക്കുക, ഭൂവുടമകൾക്ക് അവരുടെ പ്രശ്നങ്ങളും ചോദ്യങ്ങളും ഉയർത്താനും പ്രശ്നപരിഹാരത്തിനും സൗകര്യം ലഭിക്കുക, ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ തത്സമയം ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് സർക്കാരിന് മുന്നിലുള്ളത്. ഇവ മുൻനിർത്തി ഒരു ഓൺലൈൻ പോർട്ടൽ സജ്ജമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എല്ലാത്തരം ഭൂമി ഏറ്റെടുക്കൽ നടപടികളും ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി Land Acquisition Management System എന്ന വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചു. ആദ്യഘട്ടത്തിൽ The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 ന്റെ സെക്ഷൻ 11 (1) വരെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള മൊഡ്യൂൾ വികസിപ്പിച്ചെടുക്കുകയും പൈലറ്റ് അടിസ്ഥാനത്തിൽ പരീക്ഷിക്കുകയും ചെയ്തു. www.lams.revenue.kerala.gov.in എന്ന പോർട്ടലിൽ സേവനം ലഭ്യമാണ്.

## 9. വില്ലേജ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഡാഷ്ബോർഡ്

സംസ്ഥാനത്തെ 1,666 വില്ലേജുകളിലെയും പ്രവർത്തനം ഓൺലൈൻ ആയി സർക്കാർ തലത്തിൽ നിരീക്ഷിക്കുന്നതിനും കമ്മീഷണർ, ജില്ല കളക്ടർ, ഡെപ്യൂട്ടി കളക്ടർ എന്നിവർക്ക് പ്രതിമാസ അവലോകന യോഗങ്ങൾ ഓൺലൈൻ ആയി നടത്തുന്നതിനും സഹായകമാകും വിധം രൂപകല്പന ചെയ്ത വെബ് പോർട്ടലാണിത്. 80 വ്യത്യസ്ത സൂചികകൾ പോർട്ടലിൽ ലഭ്യമാകുന്ന രീതിയിൽ ആണ് തയ്യാറാക്കിയത്. പട്ടാമ്പി താലൂക്കിൽ 2022 ജൂണിൽ പ്രോജക്ട് പൈലറ്റ് ചെയ്ത് വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി. പദ്ധതിയുടെ മൊബൈൽ ആപ്പ്, ക്ലൗഡ് ബേസ്ഡ് പോർട്ടൽ എന്നിവ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി.

## 10.നിർദേശങ്ങളും നൂതനാശയങ്ങളും സമർപ്പിക്കാൻ മൊഡ്യൂൾ

ലാൻഡ് റവന്യൂ വകുപ്പിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വിവിധ ഓൺലൈൻ ആപ്ലിക്കേഷനുകൾ സംബന്ധിച്ചും പുതുതായി വികസിപ്പിക്കേണ്ട ആപ്ലിക്കേഷനുകൾ സംബന്ധിച്ചും റവന്യൂ ജീവനക്കാരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ Grievance and Innovation മൊഡ്യൂൾ നടപ്പിലാക്കി. റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഐ.ടി സംബന്ധമായ പരാതികളും അഭിപ്രായങ്ങളും നിർദേശങ്ങളും നൂതനാശയങ്ങളും മറ്റും പൊതുജനങ്ങളിൽ നിന്നുകൂടി സ്വീകരിക്കുന്നതിനുള്ള സൗകര്യം ഈ ആപ്ലിക്കേഷൻ വഴി ഏർപ്പെടുത്തി.




**ആൻഡ്രോയിഡ് മൊബൈൽ ഫോണുകളിൽ പ്രവർത്തിക്കത്തക്ക വിധത്തിലുള്ള റവന്യൂ ഇ സർവീസസ് മൊബൈൽ ആപ് യൂസർ അക്സെപ്റ്റൻസ് ടെസ്റ്റ് പൂർത്തീകരിച്ചു. ആദ്യഘട്ടമായി ഭൂനികുതി സ്വീകരിക്കുന്നതിനുള്ള സൗകര്യമാണ് ആപ്പിൽ ഉൾപ്പെടുത്തിയത്.**

## 11. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ


സംസ്ഥാനത്ത് കാൻസർ, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ മൂലം ദുരിതമനുഭവിക്കുന്നതും നിലവിൽ ചികിത്സയിലിരിക്കുന്നതുമായ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള പെൻഷൻ നിയമാനുസൃതം വില്ലേജ് വെബ് പോർട്ടൽ വഴി നൽകി വരുന്നുണ്ട്. ഈ പോർട്ടലിൽ ബിംസ് 2.0, PHP migrated version (5.6 to 8.1) എന്നിവ ഉൾപ്പെടുത്തിയുള്ള പരിഷ്കരിച്ച പതിപ്പ് കേരളപ്പിറവി ദിനത്തിൽ നിലവിൽ വന്നു.

## 12. റവന്യൂ ഇ കോർട്ട്

ലാൻഡ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന വിവിധ നിയമങ്ങളുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതികൾ, മെയിന്റനൻസ് ട്രിബ്യൂണലുകൾ, ലാൻഡ് ട്രിബ്യൂണലുകൾ, അപ്പലേറ്റ് അതോറിറ്റികൾ തുടങ്ങി വിവിധങ്ങളായ റവന്യൂ കോടതികളുടെ സമ്പൂർണ്ണ ഓട്ടോമേഷൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ഇത്. ■

> റവന്യൂ വകുപ്പിൽ നിന്നും നിലവിൽ 24 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭിക്കും.

# സർട്ടിഫിക്കറ്റ്, നികുതി, പെൻഷൻ.. എല്ലാം ഓൺലൈൻ





കാലതാമസമില്ലാതെ, ഓഫീസുകൾ കയറിയിറങ്ങാതെ, പിഴവുകളില്ലാതെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ സൗകര്യമൊരുക്കി സ്മാർട്ടായിരിക്കുകയാണ് റവന്യൂ വകുപ്പ്. നിലവിൽ 24 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭിക്കും. edistrict.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് സൗകര്യപ്രദമായ ഭാഷ തെരഞ്ഞെടുത്ത് അക്കൗണ്ട് തുറക്കാം. ഈ അക്കൗണ്ട് ഉപയോഗിച്ച് സ്വന്തം അപേക്ഷയോ കുടുംബാംഗങ്ങളുടെയോ മറ്റുള്ളവരുടെയോ അപേക്ഷയോ സമർപ്പിക്കാം. സർട്ടിഫിക്കറ്റുകൾക്ക് പുറമെ സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷയും പരാതിയുമെല്ലാം ഓൺലൈനായി സമർപ്പിക്കാൻ സൗകര്യമുണ്ട്.

സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭിക്കാൻ സൈറ്റിൽ കയറി Create your account എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് വ്യക്തിഗത വിവരങ്ങൾ, ആധാർ നമ്പർ, മൊബൈൽ നമ്പർ, ലോഗിൻ പേര്, പാസ്വേർഡ് എന്നിവ രേഖപ്പെടുത്തണം. മൊബൈലിൽ ലഭിക്കുന്ന OTP നൽകി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാം. Username, Password ഉപയോഗിച്ച് ലോഗിൻ ചെയ്യുക. ഒറ്റതവണ രജിസ്ട്രേഷൻ / One Time Registration എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് സർട്ടിഫിക്കറ്റ് ലഭിക്കേണ്ട വ്യക്തിയുടെ മേൽവിലാസം, തിരിച്ചറിയൽ രേഖകളുടെ വിവരങ്ങൾ കൂടി നൽകി രജിസ്ട്രേഷൻ നമ്പർ സ്വന്തമാക്കാം. Certificate Search എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഏത് സർട്ടിഫിക്കറ്റാണ് ആവശ്യമുള്ളതെന്ന് സെലക്ട് ചെയ്ത്, തുടർന്ന് വരുന്ന പേജിൽ സർട്ടിഫിക്കറ്റിന് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി അനുബന്ധരേഖകൾ അപ്ലോഡ് ചെയ്യാം. പിന്നീട് payment ക്ലിക്ക് ചെയ്ത് ബാങ്കിംഗ്/ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്/ UPI സംവിധാനം വഴി Payment നടത്തി രസീത് ജനറേറ്റ് ചെയ്യുന്നതോടെ അപേക്ഷ പൂർണമായി. Track Application എന്ന option ഉപയോഗിച്ച് ലോഗിൻ ചെയ്യാതെ തന്നെ Application Number നൽകി Application ന്റെ തൽസ്ഥിതി

**ഭൂമി തരംമാറ്റം, പോക്കുവരവ് എന്നിവ നടത്തുന്നതിനും തണ്ടപ്പേർ-ബി.ടി.ആർ. പകർപ്പ്, ലൊക്കേഷൻ മാപ്പ് തുടങ്ങിയവ ലഭിക്കുന്നതിനും ഇതേ ലോഗിൻ ഉപയോഗിച്ച് ഓൺലൈനായി അപേക്ഷിക്കാനാകും.**

## ഓൺലൈനായി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ

- കൈവശാവകാശ സർട്ടിഫിക്കറ്റ്
- വരുമാന സർട്ടിഫിക്കറ്റ്
- ജാതി സർട്ടിഫിക്കറ്റ്
- നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
- വൺ ആന്റ് സെയിം സർട്ടിഫിക്കറ്റ്
- ലൊക്കേഷൻ സർട്ടിഫിക്കറ്റ്
- കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
- റെസിഡൻസ് സർട്ടിഫിക്കറ്റ്
- റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്
- കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
- നോൺ റീമാര്യേജ് സർട്ടിഫിക്കറ്റ്
- പൊസഷൻ ആൻഡ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, ഡോമിസൈൽ സർട്ടിഫിക്കറ്റ്
- ജനന സർട്ടിഫിക്കറ്റ്, ലൈഫ് സർട്ടിഫിക്കറ്റ്
- തിരിച്ചറിയൽ (ഐഡന്റിഫിക്കേഷൻ) സർട്ടിഫിക്കറ്റ്
- വാല്യുവേഷൻ സർട്ടിഫിക്കറ്റ്
- അനന്തരാവകാശ സർട്ടിഫിക്കറ്റ്
- വിധവ-വിഭാര്യൻ സർട്ടിഫിക്കറ്റ്
- ഡിപ്പൻഡൻസി സർട്ടിഫിക്കറ്റ്
- അഗതി (ഡെസ്റ്റിറ്റ്യൂട്ട്) സർട്ടിഫിക്കറ്റ്
- സോൾവൻസി സർട്ടിഫിക്കറ്റ്
- മിശ്രവിവാഹ (ഇന്റർകാസ്റ്റ്) സർട്ടിഫിക്കറ്റ്
- കൺവേർഷൻ സർട്ടിഫിക്കറ്റ്
- ന്യൂനപക്ഷ സർട്ടിഫിക്കറ്റ്




അറിയുവാനും approve ചെയ്ത സർട്ടിഫിക്കറ്റുകൾ പ്രിന്റ് എടുക്കാനും സാധിക്കും.

### ഓൺലൈനായി ഭൂനികുതി അടയ്ക്കാൻ

e-revenue.kerala.gov.in എന്ന വെബ്സൈറ്റിൽ Citizen Registration എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തണം. യൂസർ ഐഡിയും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് Home ബട്ടന് താഴെയുള്ള New Request സെലക്ട് ചെയ്യണം. മുൻ Tax Receipt പരിശോധിച്ച് തണ്ടപ്പേർ നമ്പർ, റീസർവെ നമ്പർ, സബ് ഡിവിഷൻ നമ്പർ എന്നിവ നൽകി Details എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് വെബ്സൈറ്റിൽ ഉള്ള ഭൂമി സംബന്ധമായ വിവരങ്ങൾ ശരിയാണോ യെന്ന് പരിശോധിക്കാം. പണമൊടുക്കുന്ന ആളുടെ പേര് ചേർത്ത് Submit ബട്ടൺ ക്ലിക്ക് ചെയ്ത് Pay now ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിൽ ബാങ്ക് സെലക്ട് ചെയ്ത് നെറ്റ് ബാങ്കിങ് /ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്/UPI സംവിധാനം വഴി Payment നടത്താം. ഭൂമി തരംമാറ്റം, പോക്കുവരവ് എന്നിവ നടത്തുന്നതിനും തണ്ടപ്പേർ-ബി.ടി.ആർ. പകർപ്പ്, ലൊക്കേഷൻ മാപ്പ് തുടങ്ങിയവ ലഭിക്കുന്നതിനും ഇതേ ലോഗിൻ ഉപയോഗിച്ച് ഓൺലൈനായി അപേക്ഷിക്കാനാകും.

### മിത്രം ഓൺലൈൻ പരാതി പോർട്ടൽ

ഇതിനായി lrd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് മിത്രം എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കണം. തുടർന്ന് ലോഗിൻ ചെയ്ത് പരാതി അയയ്ക്കാം. അയച്ച പരാതിയുടെ സ്ഥിതിവിവരങ്ങൾ പോർട്ടലിൽ തന്നെ അറിയാനാകും. ഒരു യൂസറിന് എത്ര പരാതി വേണമെങ്കിലും അയയ്ക്കാം.

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ധനസഹായത്തിന്

അർഹതയുള്ളവർക്ക് cmo.kerala.gov.in എന്ന പോർട്ടലിൽ 'പുതിയ അപേക്ഷ' എന്നതിൽ ക്ലിക്ക് ചെയ്ത് അപേക്ഷ നൽകാം. പേര്, ഇ-മെയിൽ ഐഡി, മൊബൈൽ നമ്പർ എന്നിവ നിർബന്ധമാണ്. അനുബന്ധരേഖകളും അപ്ലോഡ് ചെയ്യാം.

### സാമൂഹ്യസുരക്ഷാ പെൻഷൻ

village.kerala.gov.in എന്ന പോർട്ടലിൽ Pension ബട്ടൺ ക്ലിക്ക് ചെയ്ത് Citizen Service Platform ൽ Create Account ൽ കയറി രജിസ്റ്റർ ചെയ്യണം. തുടർന്ന് ലഭിക്കുന്ന User name, Password ഉപയോഗിച്ച് Log in ചെയ്യാം. Apply now ക്ലിക്ക് ചെയ്ത് ആവശ്യമായ രേഖകൾ അപ്ലോഡ് ചെയ്ത് ആവശ്യമായ വിവരങ്ങൾ നൽകിയ ശേഷം Submit ചെയ്യുക. അപേക്ഷയുടെ സ്റ്റാറ്റസ് My Application ൽ പരിശോധിക്കാം. Sandes ആപ്പ് മൊബൈലിൽ ഇൻസ്റ്റാൾ ചെയ്താൽ ഓൺലൈനായി നൽകിയ അപേക്ഷയുടെ സ്റ്റാറ്റസ് അറിയാനാകും. ഓൺലൈനായി അംഗീകരിച്ച Receipt Document, കരം അടച്ചതിന്റെ രസീത്, തണ്ടപ്പേര് മെസ്സേജായി ലഭിക്കുകയും ചെയ്യും. ■

എസ് സാംബശിവ റാവു ഐ എ എസ്
ഡയറക്ടർ, സർവേയും ഭൂരേഖയും വകുപ്പ്




പരമ്പരാഗത സർവെ രീതികളിൽനിന്ന് എങ്ങനെയാണ് ഡിജിറ്റൽ ലാൻഡ് സർവെ വ്യത്യസ്തമാകുന്നതെന്ന് അറിയാം

# ഡിജിറ്റൽ സർവെ
## എന്താണ്, എങ്ങനെയാണ്?

എല്ലാ ഭൂപ്രദേശത്തിന്റെയും കൃത്യമായ സർവെ രേഖകൾ ആധുനികവും ശാസ്ത്രീയവുമായി തയ്യാറാക്കുക എന്ന ശ്രമകരമായ പ്രവൃത്തിക്ക് 2022 നവംബറിലാണ് തുടക്കം കുറിച്ചത്. എന്നാൽ ഘട്ടംഘട്ടമായുള്ള സർവെ ഉപകരണങ്ങളുടെ ലഭ്യമാക്കൽ, വിവിധ ഘട്ടങ്ങളായുള്ള കരാർ ജീവനക്കാരുടെ നിയമനം, അവരുടെ പരിശീലനം, പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തിലുള്ള സർവെ സഭകൾ, തദ്ദേശീയരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർവെ ജാഗ്രതാ സമിതികൾ (Local Volunteers) തുടങ്ങിയ സജ്ജീകരണങ്ങളെല്ലാം ഏർപ്പെടുത്തി 2023 ആഗസ്റ്റ് മുതലാണ് പൂർണ്ണരീതിയിൽ ഡിജിറ്റൽ റീസർവെ ആരംഭിച്ചത്.

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആരംഭിച്ച 'എന്റെ ഭൂമി' ഡിജിറ്റൽ ലാൻഡ് സർവെ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി സർവെ ആരംഭിച്ച 400 വില്ലേജുകളിൽ 217 വില്ലേജുകളുടെ ഫീൽഡ് സർവെ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. 183 വില്ലേജുകളുടെ സർവെ ത്വരിതഗതിയിൽ പുരോഗതിയിലാണ്. ആദ്യമായാണ് ചുരുങ്ങിയ കാലംകൊണ്ട് സംസ്ഥാനത്തെ 36.9 ലക്ഷം ലാൻഡ് പാർസലുകളിലായി 5.02 ലക്ഷം ഹെക്ടർ ഭൂമിയുടെ ഡിജിറ്റൽ സർവെ (2024






നവംബർ 15 ലെ കണക്ക് പ്രകാരം) പൂർത്തിയാക്കിയിരിക്കുന്നത്.

1996 മുതൽ 2022 വരെയുള്ള 26 വർഷംകൊണ്ട് 95,531 ഹെക്ടർ ഭൂമി മാത്രമാണ് മുൻപ് ഉപയോഗിച്ചിരുന്ന ETS എന്ന ഉപകരണം കൊണ്ട് സർവെ ചെയ്യാൻ സാധിച്ചത്. പക്ഷെ എന്റെ ഭൂമി ഡിജിറ്റൽ സർവെ പ്രകാരം ഇതിനകം 5.02 ലക്ഷത്തിലധികം ഹെക്ടർ വിസ്തീർണ്ണം മറികടക്കാൻ സാധിച്ചു. കൃത്യമായ ബോധവൽക്കരണ പരിപാടികളും, എസ്.എം.എസ് അറിയിപ്പുകൾ, സർവെ സഭ, സർവെ ജാഗ്രതാ സമിതി, ഭൂവുടമയുടെ സാന്നിധ്യത്തിലുള്ള സർവെ, പ്രീ 9(2) ക്യാമ്പുകൾ, വിവിധ തട്ടിലുള്ള ഗുണനിലവാര പരിശോധന സംവിധാനങ്ങൾ എന്നിവയിലൂടെ പരാതിരഹിത സർവെ രേഖകൾ തയ്യാറാക്കുന്നതിന് സാധിച്ചു എന്നതും ശ്രദ്ധേയമാണ്.



## സാങ്കേതിക വിദ്യ


സംസ്ഥാനത്തിന്റെ കഡാസ്ട്രൽ സർവെയിൽ മുൻ കാലങ്ങളിൽ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾക്ക് പകരമായി ലോകത്തിലെതന്നെ നിലവിൽ ലഭ്യമായ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യകളും സർവെ ഉപകരണങ്ങളുമാണ് ഡിജിറ്റൽ സർവെ പദ്ധതിക്ക് ഉപയോഗിക്കുന്നത്. സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള 28 COR സ്റ്റേഷനുകളുടെ ജിയോ നെറ്റ്വർക്കും, CORS സിഗ്നലിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന RTK rover ഉപകരണങ്ങളും, റോബോട്ടിക് ടോട്ടൽ സ്റ്റേഷൻ ഉപകരണങ്ങളും ഉപയോഗിച്ച് ഭൂമിയിലെ ഓരോ അതിർത്തിയും വളരെ കൃത്യതയോടെയാണ് നിർണ്ണയിക്കുന്നത്.

## കൃത്യത

പരമ്പരാഗത സർവേ ഉപകരണങ്ങളായ ചെയിൻ & ക്രോസ് സ്റ്റാഫ്, തിയോഡോലൈറ്റ്, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ഇ.ടി.എസ്) എന്നിവയെ അപേക്ഷിച്ച് കൃത്യത, കാര്യക്ഷമത, വൈദഗ്ധ്യം എന്നിവയിൽ പതിന്മടങ്ങ് പ്രവർത്തനമേന്മയാണ് റിയൽ-ടൈം കൈനമാറ്റിക് (ആർ.ടി.കെ) മെഷീനുകൾ പ്രദാനം ചെയ്യുന്നത്. മുൻകാലങ്ങളിലെ







സർവെ രീതിയിൽ മൊത്തത്തിൽ നിന്ന് അംശത്തിലേക്ക് എന്ന തത്വം പാലിക്കുന്നതിനായി വില്ലേജ്, ബ്ലോക്ക്, ഖണ്ഡം എന്നിവയുടെ ട്രാവേഴ്സ് നെറ്റ്വർക്ക് സൃഷ്ടിച്ചതിന് ശേഷമാണ് ഫീൽഡ് സർവെ ആരംഭിക്കുന്നത്. (വില്ലേജ് അതിർത്തികളുടെ ട്രാവേഴ്സ് (Traverse) സർവെ ചെയ്ത് ഒരു നെറ്റ്വർക്ക് സൃഷ്ടിക്കുകയും തുടർന്ന് അതിനെ ബ്ലോക്കുകളായി വിഭജിച്ച് അതിന്റെയും, തുടർന്ന് ബ്ലോക്കുകളെ ഖണ്ഡങ്ങളായി വിഭജിച്ച് അതിന്റെയും ട്രാവേഴ്സ് സർവെ ചെയ്യുന്ന രീതി). ഇപ്രകാരം അളക്കുന്ന സ്റ്റേഷനുകളെല്ലാം മുൻ സ്റ്റേഷനുകളെ അടിസ്ഥാനമാക്കിയുള്ളതിനാൽ എതെങ്കിലും സ്റ്റേഷനിൽ പിശകുകൾ സംഭവിച്ചാൽ അവ എല്ലാ സ്റ്റേഷനുകളെയും ബാധിക്കും. പിശകുകൾ സഞ്ചിത (cumulative) സർവെ രേഖകളുടെ കൃത്യതയെതന്നെ ബാധിക്കുന്നതായിരുന്നു. പരമ്പരാഗത സർവെ മെഷീനുകൾക്ക് കാര്യമായ വൈദഗ്ധ്യവും മാനുവൽ ഡേറ്റ റിക്കോർഡിങ്ങും ആവശ്യമായിട്ടുള്ളതിനാൽ ഇപ്രകാരമുള്ള സർവെ നടപടികൾക്ക് ധാരാളം സമയവും മാനവശേഷിയും ആവശ്യവുമാണ്.

ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി ഉപയോഗിക്കുന്ന RTK-Rover മെഷീനുകൾ നാവിഗേഷൻ സാറ്റലൈറ്റ് സിഗ്നലിനെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്. RTK മെഷീൻ ഉപയോഗിച്ച് സർവെ ചെയ്യുന്ന ഓരോ സ്റ്റേഷന്റെയും കോർഡിനേറ്റുകൾ സ്വതന്ത്രമായി നിലനിൽക്കുന്നതിനാൽ ഒരു സ്റ്റേഷന്റെ കോർഡിനേറ്റുകളിൽ ഉണ്ടാകുന്ന പിശക് മറ്റു സ്റ്റേഷനുകളെ ബാധിക്കുന്നില്ല. ആയതിനാൽ സഞ്ചിത പിശക് (cumulative error) ഇല്ലാതെ കൃത്യതയുള്ള രേഖകൾ തയ്യാറാക്കുന്നതിന് സാധിക്കും.

RTK സിസ്റ്റങ്ങൾക്ക് അവയുടെ മൾട്ടി-കോൺസ്റ്റലേഷൻ GNSS പിന്തുണ കാരണം തടസ്സമുള്ള പ്രദേശങ്ങൾ ഉൾപ്പെടെ വിവിധ പരിതസ്ഥിതികൾക്ക് അനുയോജ്യമാണ്. പരമ്പരാഗത സർവെ രീതികളെ അപേക്ഷിച്ച് RTK മെഷീനുകൾ ദ്രുത ഡേറ്റശേഖരണം പ്രാപ്തമാക്കും. പോസ്റ്റ് പ്രോസസ്സിങ്ങിന്റെ ആവശ്യകത ഇല്ലാത്തതും നൂതന സോഫ്റ്റ്‌വെയർ സംയോജനം, തത്സമയ ഡേറ്റ വിഷ്വലൈസേഷൻ, ജി.ഐ.എസ്, സി.എ.ഡി സോഫ്റ്റ്‌വെയറുകളുമായുള്ള തടസ്സമില്ലാത്ത സംയോജനം എന്നിവ വളരെ എളുപ്പത്തിൽ സാധിക്കുന്നതുമാണ്. RTK മെഷീനുകൾ CORS സ്റ്റേഷനുകളിൽ നിന്നുള്ള തത്സമയ തിരുത്തലുകൾ ഉപയോഗിച്ച് മിനിറ്റുകൾക്കകം 2 മുതൽ 5 സെന്റിമീറ്ററിനകത്ത് കൃത്യതയുള്ള പൊസിഷനിങ്ങ് ഡേറ്റയാണ് ലഭിക്കുന്നത്.

## ബോധവൽക്കരണ പരിപാടികൾ

സർവെ ആരംഭിക്കുന്നതിന് മുന്നോടിയായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വാർഡ് തലത്തിൽ സർവെ സഭകൾ സംഘടിപ്പിച്ച് സർവെ നടപടികളെയും സാങ്കേതിക വിഷയങ്ങളെയും കുറിച്ച് പൊതു ജനങ്ങളുടെ എല്ലാ സംശയങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദീകരിച്ചു. സർവെ സഭകളുടെ തുടർനടപടിയായി സർവെ ആരംഭിച്ച വില്ലേജുകളിൽ സർവേ ജാഗ്രതാ സമിതി രൂപീകരിച്ചു. പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഡിജിറ്റൽ സർവെയുടെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും റവന്യൂ വകുപ്പിനൊപ്പം തദ്ദേശ സ്വയംഭരണ വകുപ്പുകൂടി പങ്കാളിയാകുന്നു എന്നതാണ് ശ്രദ്ധേയമായ കാര്യം.

## ആധാർ അധിഷ്ഠിത ലാൻഡ് പാർസൽ മാപ്പ്

ലാൻഡ് പാർസൽ മാപ്പ് (LPM) എന്നത് ഭൂമിയുടെ അതിർത്തികളും ഉടമസ്ഥാവകാശവും കൃത്യമായി കാണിക്കുന്ന ഓദ്യോഗികരേഖയാണ്. ഭൂമിയുമായി ബന്ധപ്പെട്ട വിവിധ സർക്കാർ സേവനങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്നതിന് ആവശ്യമായ പ്രധാനരേഖയാണിത്. LPM ൽ ആധാർ നമ്പർ കൂടി



ചേർക്കുന്നത് ഈ രേഖയുടെ വിശ്വാസ്യത വർധിപ്പിക്കുന്നു. ഇതുവഴി ഭൂമിയുടെ യഥാർഥ ഉടമയെ കൃത്യമായി തിരിച്ചറിയാനാകും. അതുവഴി സർക്കാർ നടപ്പാക്കുന്ന വിവിധ ക്ഷേമ പദ്ധതികളിലെ ആനുകൂല്യങ്ങൾ, കർഷകർക്കുള്ള ആനുകൂല്യങ്ങൾ, ബാങ്ക് വായ്പ തുടങ്ങിയവ അർഹതപ്പെട്ടവർക്ക് എളുപ്പത്തിൽ ലഭ്യമാക്കാനാകും. ഭൂമി സംബന്ധിച്ച തർക്കങ്ങളും അഴിമതിയും കുറയ്ക്കുന്നതിനും ഇത് സഹായിക്കുകയും ചെയ്യും.

## പരാതിപരിഹാരം

ഡിജിറ്റൽ സർവെ പൂർത്തിയാക്കുന്ന മുറയ്ക്ക് ഭൂരേഖകൾ എന്റെ ഭൂമി പോർട്ടലിൽ ലഭ്യമാകും. ഇത് കൂടാതെ വാർഡ് തലത്തിൽ ഡിജിറ്റൽ സർവെ റെക്കോഡുകൾ പ്രദർശിപ്പിക്കും. സർവെ പൂർത്തിയായ വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിനായി അതിരടയാള നിയമ പ്രകാരം സെക്ഷൻ 9(2) പ്രസിദ്ധീകരിച്ചതിനു ശേഷം ഒരു മാസം സർവെ റെക്കോഡുകൾ ബന്ധപ്പെട്ട ക്യാമ്പ് ഓഫീസുകളിൽ പ്രദർശിപ്പിക്കും. പൊതുജനങ്ങൾക്ക് റെക്കോഡുകൾ പരിശോധിച്ച് തെറ്റില്ലെന്ന് ഉറപ്പ് വരുത്താം. അപാകതകൾ പോർട്ടൽ മുഖേന അറിയിക്കാം.

## ജനങ്ങളുടെ പങ്കാളിത്തം

ഡിജിറ്റൽ സർവെ നടക്കുന്ന പ്രദേശങ്ങളിൽ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ സമീപിക്കാവുന്ന തരത്തിൽ താൽക്കാലികമായി ക്യാമ്പ് ഓഫീസുകൾ സജ്ജീകരിച്ചാണ് സർവെയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടക്കുന്നത്. ക്യാമ്പ് ഓഫീസുകളിൽ സർ സർവെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിലൂടെ സർവേ പ്രക്രിയ വേഗത്തിലാക്കാൻ സാധിക്കും. സർവെ ഓഫീസർമാർക്ക് ജനങ്ങളുമായി നേരിട്ട് ഇടപഴകാനുള്ള അവസരം ലഭിക്കുന്നതിനാൽ സർവേ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനാവുന്നു. ജനങ്ങൾക്ക് നേരിട്ട് സർവേ ഓഫീസർമാരുമായി സംവദിക്കാനും തങ്ങളുടെ സംശയങ്ങൾക്ക് ഉത്തരം ലഭിക്കാനും സാധിക്കും.

**പൊതുജനങ്ങൾക്ക് റെക്കോഡുകൾ പരിശോധിച്ച് തെറ്റില്ലെന്ന് ഉറപ്പ് വരുത്താം. അപാകതകൾ പോർട്ടൽ മുഖേന അറിയിക്കാം.**



## ദേശീയ മാതൃക

നിലവിലുള്ള പേപ്പർ മാപ്പുകൾ ഡിജിറ്റൈസ് ചെയ്തു സൃഷ്ടിച്ച ഡിജിറ്റൽ ഭൂപടങ്ങളെ ആശ്രയിക്കുന്ന മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഫീൽഡ് ടു ഫീൽഡ് ഡിജിറ്റൽ ലാൻഡ് സർവെ സമീപനത്തിനാണ് കേരളം തുടക്കമിട്ടിരിക്കുന്നത്. പരമ്പരാഗത ഡിജിറ്റൈസ്ഡ് പേപ്പർ മാപ്പുകളുടെ പരിമിതികൾ തിരിച്ചറിഞ്ഞ്, നൂതന സർവെ ഉപകരണങ്ങൾ ഉപയോഗിച്ച് ഓരോ ഭൂ അതിർത്തിയും നേരിട്ട് സർവേ ചെയ്ത് വളരെ കൃത്യമായ ഡിജിറ്റൽ ഭൂരേഖകളാണ് ഇതിലൂടെ സൃഷ്ടിക്കുന്നത്. ഭൂരേഖാപരിപാലന രംഗത്ത് എന്റെ ഭൂമി സംയോജിത പോർട്ടൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാകും. ഇതിനോടകം വിവിധ സംസ്ഥാനങ്ങൾ കേരളത്തിന്റെ ഡിജിറ്റൽ റീ സർവെ പദ്ധതി മാതൃകയാക്കാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഭൂരേഖകളുടെ നിരന്തരവും കൃത്യവുമായ പുതുക്കലുകളിലൂടെ ഡിജിറ്റൽ അപ്ഡേഷനും വിധേയമാകുന്നു.■

വിദ്യ അഭിലാഷ്
ലോക കേരളസഭ അംഗം



# കടലിനക്കരെ നിന്ന് മണ്ണിനെ തൊടുംപോലെ

ലോകം ഒരു വിരൽത്തുമ്പിൽ കറങ്ങുന്ന കാലമാണിത്. ഏത് വിവരവും ലോകത്ത് നടക്കുന്ന ഏത് സംഭവവും അടുത്ത നിമിഷം നമ്മുടെ കൺമുമ്പിലുണ്ട്. വിരൽത്തുമ്പിൽ ലോകത്തെ അറിയുവാൻ കഴിയുന്ന ഈ കാലഘട്ടത്തിൽ അത്തരം വിവരസാങ്കേതികവിദ്യകൾ ഭരണ സംവിധാനത്തിൽ ഉൾപ്പെടുത്തി ജനോപകാരപ്രദമായ ആശയങ്ങൾ നടപ്പിലാക്കുക എന്നത് പുരോഗമന ആശയങ്ങൾ പിന്തുടരുന്ന ഒരു സർക്കാരിന്റെ ഉത്തരവാദിത്വമാണ്. പ്രവാസികൾക്ക് കേരളത്തിൽ സ്വന്തം പേരിലുള്ള ഭൂമി സംബന്ധമായ വിവരങ്ങൾ അറിയുന്നതിനും ഓൺലൈനായി പണം അടയ്ക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുക വഴി സർക്കാർ ഈ ഉത്തരവാദിത്വമാണ് നിർവഹിച്ചിരിക്കുന്നത്.

നാട്ടിൽ നിന്ന് അകന്നുകഴിയുന്ന പ്രവാസികളെ സംബന്ധിച്ചിടത്തോളം കുടുംബത്തിലെ ഒരോ ആവശ്യങ്ങൾക്കും ഓടിയെത്തണമെന്ന് ആഗ്രഹിക്കുമ്പോഴും അതിന് സാധിക്കാതെ വരുന്നത് വലിയ വേദനയാണ്. പലപ്പോഴും ബന്ധുക്കളും സുഹൃത്തുക്കളുമാണ് ഈ സാഹചര്യങ്ങളിലെല്ലാം സഹായമാവുക. ഇതിനിടയിൽ സർക്കാർ സംബന്ധമായോ നിയമപരമായോ ഉള്ള ആവശ്യങ്ങൾ വരുമ്പോൾ മറ്റുള്ളവരെ ആശ്രയിക്കൽ വലിയ പ്രയാസങ്ങൾ ഉണ്ടാക്കാറുണ്ട്. നാട്ടിലും വിദേശത്തുമായി സൂക്ഷിച്ചിരിക്കുന്ന രേഖകൾ സമയബന്ധിതമായി കൈമാറുക, സ്വകാര്യമായി സൂക്ഷിക്കേണ്ട വിവരങ്ങൾ കൈമാറേണ്ടി വരിക, വിവരങ്ങൾ പൂർണ്ണമായി മനസിലാക്കാതെ

> നികുതികൾ ഓൺലൈനായി അടയ്ക്കാൻ 10 വിദേശരാജ്യങ്ങളിൽ കൂടി സഹായം ലഭ്യമാക്കിയത് പ്രവാസികൾക്ക് ഏറെ ആശ്വാസകരമാണ്





ലോക കേരളസഭ 2024

വിഷയത്തിൽ ഇടപെടുക തുടങ്ങി ഒട്ടേറെ ആശങ്കകളും ആശയക്കുഴപ്പങ്ങളും ഉണ്ടാകാറുണ്ട്. വിശ്വസിച്ച് ഏൽപിക്കുന്നവർ പറയുന്നതിലപ്പുറം വിവരങ്ങൾ അറിയാനും സംവിധാനങ്ങളുണ്ടായിരുന്നില്ല. പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങളിൽ, പ്രത്യേകിച്ച് ഭൂമി, വീട് എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ, പ്രവാസികൾക്ക് ഓൺലൈനായി ഇടപെടാൻ സൗകര്യമൊരുക്കിയ സർക്കാർ നടപടി അതുകൊണ്ടുതന്നെ ഏറെ ആശ്വാസകരമാണ്, അഭിനന്ദനീയമാണ്.

**ലോക കേരളസഭയുടെ ആദ്യ സമ്മേളനത്തിൽ തന്നെ ഉയർന്ന ഒരാവശ്യമാണ് നികുതി അടയ്ക്കൽ, വസ്തു സംബന്ധിച്ച് പരാതി നൽകൽ തുടങ്ങിയ വിഷയങ്ങളിൽ പ്രവാസികൾക്ക് ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്താൻ ഒരു സംവിധാനം വേണമെന്നത്. ഇത് സർക്കാർ ഗൗരവമായി തന്നെ പരിഗണിച്ചു**

ലോക കേരളസഭയുടെ ആദ്യ സമ്മേളനത്തിൽ തന്നെ ഉയർന്ന ഒരാവശ്യമാണ് നികുതി അടയ്ക്കൽ, വസ്തു സംബന്ധിച്ച് പരാതി നൽകൽ തുടങ്ങിയ വിഷയങ്ങളിൽ പ്രവാസികൾക്ക് ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്താൻ ഒരു സംവിധാനം വേണമെന്നത്. ഇത് സർക്കാർ ഗൗരവമായി തന്നെ പരിഗണിച്ചു. ഇതിന്റെ തുടർച്ചയായാണ് 10 രാജ്യങ്ങളിലുള്ള പ്രവാസികൾക്കായി റവന്യൂ ഇ-സേവനങ്ങൾ ലഭ്യമാക്കിയത്. ഇതൊരു തുടക്കമാണ്. ഭൂമി സംബന്ധിച്ച കാര്യങ്ങൾക്കായി ബന്ധുക്കളെയോ സുഹൃത്തുക്കളെയോ ആശ്രയിക്കുകയോ അതിനും കഴിയാത്ത സന്ദർഭങ്ങളിൽ ലീവ് എടുത്ത് വന്നോ ഒക്കെയാണ് നടത്തിയിരുന്നത്. മാനസികമായും സാമ്പത്തികമായും തൊഴിൽപരമായും പല പ്രയാസങ്ങൾ നേരിട്ടാണ് പ്രവാസികൾ ഇത്തരം കാര്യങ്ങൾ ചെയ്തിരുന്നത്. ഈ ബുദ്ധിമുട്ടുകൾക്കെല്ലാം പരിഹാരമാണ് ഇ-സേവനങ്ങൾ. റവന്യൂ വകുപ്പിന്റെ sandes ആപ് ഡൗൺലോഡ് ചെയ്ത് ഭൂമിയുടെ പോക്കുവരവ്, ഭൂമി തരംമാറ്റം, തണ്ടപ്പേർ പകർപ്പ് ലഭ്യമാക്കൽ എന്നിവയെല്ലാം ചെയ്യാൻ കഴിയുന്നുണ്ട്.

കടലിനും വൻകരകൾക്കുമക്കരെ നിന്ന് പ്രവാസികൾക്ക് തങ്ങളുടെ ഭൂമിയെ തൊടാനാകുന്നതുപോലൊരു അനുഭവം ഇപ്പോഴുണ്ട്. മടങ്ങിവരുമ്പോഴും പ്രവാസികളുടെ ഭൂമി അന്യാധീനപ്പെട്ടുപോകില്ലെന്നും നിയമക്കുരുക്കുകളിൽ പെടില്ലെന്നും ധൈര്യമുണ്ട്. വല്ലപ്പോഴും വന്നുമടങ്ങുന്ന ഞങ്ങളുടെ മക്കളും ഭൂമിസംബന്ധമായ കാര്യങ്ങൾ അറിയുന്നു. അവർക്കും നാടുമായുള്ള അടുപ്പം വർധിക്കുന്നു.

ഈ സൗകര്യം കൂടുതൽ രാജ്യങ്ങളിൽ ഉൾപ്പെടുത്തണമെന്നാണ് ആഗ്രഹം. പ്രത്യേകിച്ചും ഞാൻ കൂടി ഉൾപ്പെടുന്ന ആഫ്രിക്കൻ രാജ്യങ്ങളെയും ഉൾപ്പെടുത്തിയാൽ അവിടെയുള്ള പ്രവാസികൾക്കും പ്രയോജനപ്രദമാവും. ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിലായി ലക്ഷക്കണക്കിന് മലയാളികൾ ഉണ്ട്. ഇവരെല്ലാം ഈ സൗകര്യങ്ങളെ പ്രതീക്ഷയോടെ നോക്കുകയാണ്. അടുത്ത ഘട്ടത്തിൽ ആഫ്രിക്കൻ രാജ്യങ്ങളെയും ഉൾപ്പെടുത്തും എന്ന് ഞങ്ങളെല്ലാവരും പ്രതീക്ഷിക്കുന്നു.■

പി. ശ്രീരാമകൃഷ്ണൻ
റസിഡന്റ് വൈസ് ചെയർമാൻ, നോർക്ക റൂട്ട്സ്



ഇതുവരെ നോർക്ക വഴി ലഭ്യമാക്കിയത് 3200-ൽ അധികം വിദേശതൊഴിലുകൾ. നോർക്ക ട്രിപ്പിൾവിൻ കേരള പദ്ധതി വഴി ഇതുവരെ ജർമ്മനിയിലെത്തിയത് 528 നഴ്സുമാർ

# സുരക്ഷിത വിദേശകുടിയേറ്റത്തിന്റെ കേരളമാതൃക



വെയിൽസിലേക്ക് കേരളത്തിൽ നിന്നുള്ള ആരോഗ്യ പ്രൊഫഷണലുകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ധാരണാപത്രം മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ വെയിൽസ് ആരോഗ്യമന്ത്രി എല്യനെഡ് മോർഗൻ ഒപ്പുവയ്ക്കുന്നു.

പ്രവാസത്തിന്റെ സർവമേഖലകളെയും സ്പർശിക്കുന്ന പദ്ധതികളും ക്ഷേമപ്രവർത്തനങ്ങളും ഏറ്റവും ഫലപ്രദമായി നടപ്പാക്കുക വഴി രാജ്യത്തിനുതന്നെ മാതൃകയാണ് കേരള സർക്കാർ. ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന പ്രവാസി കേരളീയരെ ഒരുമിപ്പിക്കുന്നതിനും തിരിച്ചെത്തിയവർക്കായി സാന്ത്വനവും പുനരധിവാസവും ഒരുക്കുന്നത് അടക്കമുള്ള അർഥപൂർണമായ പ്രവർത്തനങ്ങൾക്കുമാണ് പ്രവാസികാര്യവകുപ്പും നോർക്ക റൂട്ട്സും നേതൃത്വം നൽകുന്നത്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള അന്താരാഷ്ട്ര റിക്രൂട്ട്മെന്റ് ഏജൻസി കൂടിയാണ് നോർക്ക റൂട്ട്സ്. നിലവിൽ സൗദി അറേബ്യ, യു.എ.ഇ, ഒമാൻ, കുവൈത്ത് എന്നീ ഗൾഫ് രാജ്യങ്ങളിലേക്കും യു.കെ, ജർമ്മനി, കാനഡ എന്നിവിടങ്ങളിലേക്കും ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ ടെക്നീഷ്യന്മാർ, ഗാർഹിക ജോലിക്കാർ എന്നീ വിഭാഗത്തിൽപ്പെട്ടവരെ നോർക്ക റൂട്ട്സ് തിരഞ്ഞെടുത്ത് അയച്ചുവരുന്നു. ഇതിനോടകം 3200-ൽ അധികം നിയമനങ്ങൾ നടത്താൻ സാധിച്ചു. നഴ്സുമാർക്ക് പുറമെ, മാലിദ്വീപിലേക്ക് അറബിക് ടീച്ചർ, ടെക്നിഷ്യന്മാർ, ഡോക്ടർ, കുവൈത്തിലേക്ക് ഗാർഹിക ജോലിക്കാർ എന്നിങ്ങനെ റിക്രൂട്ട്മെന്റ് വിപുലീകരിക്കാൻ സാധിച്ചു.

## ജർമ്മൻ റിക്രൂട്ട്മെന്റിൽ 500 പിന്നിട്ട ട്രിപ്പിൾ വിൻ കേരള

കേരളത്തിൽ നിന്നുള്ള നഴ്സിംഗ് പ്രൊഫഷണലുകൾക്ക് ജർമ്മനിയിൽ തൊഴിലവസരമൊരുക്കുന്നതിനായി നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് നോർക്ക ട്രിപ്പിൾ വിൻ കേരള. ഇതുവഴി 528 നഴ്സുമാരാണ് ഇതുവരെ ജർമ്മനിയിലെത്തിയത്. വ്യവസ്ഥാപിതമായ വിദേശ തൊഴിൽ കുടിയേറ്റത്തിന്റെ അഭിമാന മാതൃകയാണ് ട്രിപ്പിൾ വിൻ കേരള പദ്ധതി.

2021 ഡിസംബറിൽ ഒപ്പിട്ട കരാറിലൂടെയാണ് ട്രിപ്പിൾ വിൻ കേരള പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം ജർമ്മനിയിലെ 12 സ്റ്റേറ്റുകളിലെ വിവിധ ആരോഗ്യപരിപാലന സ്ഥാപനങ്ങളിലാണ് രജിസ്ട്രേഡ് നഴ്സ് തസ്തികയിൽ മലയാളി നഴ്സുമാർക്ക് നിയമനം ലഭിച്ചത്. അഞ്ചുഘട്ടങ്ങളിലായി തിരഞ്ഞെടുത്ത 1400 പേരിൽ

# നോർക്ക ശുഭയാത്ര

വിദേശ ജോലി എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരെ സഹായിക്കുന്നതിന് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ നോർക്ക ശുഭയാത്ര പദ്ധതി ഉടൻ യാഥാർഥ്യമാകും. വിദേശത്ത് തൊഴിൽ നേടുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം, വിദേശയാത്രയ്ക്കുള്ള പ്രാരംഭ ചെലവുകൾ എന്നിവയ്ക്കായി ആകർഷകമായ പലിശ സബ്സിഡിയോടെ ധനകാര്യ സ്ഥാപനങ്ങൾ മുഖേന വായ്പ ലഭ്യമാക്കും.





ജർമ്മൻ ഭാഷാപരിശീലനം തുടരുന്നവർ നടപടിക്രമങ്ങൾ പൂർത്തിയാക്കി ജർമ്മനിയിലേയ്ക്ക് തിരിക്കും. തെരഞ്ഞെടുപ്പ് പ്രക്രിയ, ഭാഷാ പരിശീലനം എന്നീ രണ്ട് ഘട്ടങ്ങളാണ് ജർമ്മൻ റിക്രൂട്ട്മെന്റിന്റെ ഭാഗമായുള്ളത്. ഗോയ്ഥേ സെന്ററുകളിലാണ് ബി 1 വരെയുള്ള ഭാഷാപരിശീലനം.

## ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാം

നോർക്ക ട്രിപ്പിൾ വിൻ പദ്ധതിയുടെ തുടർച്ചയായാണ് ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാം സംഘടിപ്പിക്കുന്നത്. പ്ലസ്ടുവിനുശേഷം (സയൻസ്) ജർമ്മനിയിൽ പ്രതിമാസ സ്റ്റൈപ്പന്റോടെ സൗജന്യ നഴ്സിങ്ങ് പഠനത്തിനും തുടർന്ന് രജിസ്ട്രേഡ് നഴ്സായി നിയമനം ലഭിക്കുന്നതിനും അവസരമൊരുക്കുന്നതാണ് പദ്ധതി. കഴിഞ്ഞ ഏപ്രിൽ 15 മുതൽ 18 വരെ നടന്ന അഭിമുഖ ങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 42 പേരിൽ എട്ട് പേരാണ് ആദ്യ ബാച്ചിൽ ജർമ്മനിയിലേക്ക് തിരിക്കുന്നത്. ആദ്യ ബാച്ചിലെ 34 വിദ്യാർഥികളുടെ ജർമ്മൻ ഭാഷാപഠനം (ബി1, ബി2) തിരുവനന്തപുരം ഗോയ്ഥേ സെന്ററിൽ പുരോഗമിക്കുകയാണ്. 2025 ഏപ്രിലിൽ ഇവർക്കും ജർമ്മനിയിലേക്ക് പോകാനാകും.

## ട്രിപ്പിൾ വിൻ ഹോസ്പിറ്റാലിറ്റി

നഴ്സുമാരുടെ റിക്രൂട്ട്മെന്റിനു പുറമേ ആതിഥ്യസേവന മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനായി ട്രിപ്പിൾ വിൻ ഹോസ്പിറ്റാലിറ്റി പദ്ധതി നടപ്പാക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.



യു.കെ.റിക്രൂട്ട്മെന്റ്






എൻ.ഐ.എഫ്.എൽ ക്ലാസ് മുറി

ഇതുവഴി ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം മേഖലകളിലും കേരളത്തിൽ നിന്നുള്ള യോഗ്യരായ ഉദ്യോഗാർഥികൾക്ക് വിദേശത്ത് മികച്ച അവസരം ലഭിക്കും.

വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ വേറെയും അനവധി ശ്രദ്ധേയപദ്ധതികൾ നോർക്ക നടപ്പാക്കുന്നു.

## യു.കെ റിക്രൂട്ട്മെന്റ്
(ഇംഗ്ലണ്ട്, വെയിൽസ്, ഇയ്യോവിൽ)

കേരളത്തിൽ നിന്നുള്ള ആരോഗ്യപ്രവർത്തകർക്കും സോഷ്യൽ വർക്കർമാർക്കും യു.കെയിലേക്ക് വ്യവസ്ഥാപിതവും സുരക്ഷിതവുമായ തൊഴിൽ കുടിയേറ്റം നോർക്ക റൂട്ട്സ് വഴി സാധ്യമാക്കാനായി. യുകെയിലെ ദേശീയ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് കെയർ പാർട്ണർഷിപ്പുകളിൽ ഒന്നായ 'ഹംബർ & നോർത്ത് യോക്ക് ഷെയർ ഹെൽത്ത് & കെയർ പാർട്ണർഷിപ്പ്', നോർത്ത് ഈസ്റ്റ് ലിങ്കൺ ഷെയറിലെ ഹെൽത്ത് സർവീസിന്റെ മാനസികാരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്ന 'നാവിഗോ' എന്നിവരുമായി മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ലണ്ടനിൽ ധാരണാപത്രം ഒപ്പിട്ടു. യുകെയിലെ വെയിൽസിലേക്ക് കേരളത്തിൽനിന്നുള്ള ആരോഗ്യമേഖലയിലെ പ്രൊഫഷണലുകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ധാരണാപത്രം 2024 മാർച്ച് ഒന്നിന് മുഖ്യമന്ത്രിയുടെയും വെയിൽസ് ആരോഗ്യമന്ത്രിയുടേയും സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് ഒപ്പിട്ടു.

## റിക്രൂട്ട്മെന്റ് ഡ്രൈവുകൾ
**നോർക്ക-യുകെ കരിയർ ഫെയർ**

നോർക്ക-യുകെ കരിയർ ഫെയർ എന്ന പേരിൽ 2022 നവംബർ, 2023 മേയ്, നവംബർ മാസങ്ങളിലായി കൊച്ചിയിൽ വിപുലമായ മൂന്നു റിക്രൂട്ട്മെന്റ് ഡ്രൈവുകൾ സംഘടിപ്പിച്ചിരുന്നു. ഇയ്യോവിലിലേക്ക് 2023 ഒക്ടോബറിൽ കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിൽ പ്രത്യേകം റിക്രൂട്ട്മെന്റ് ഇവന്റുകളും 2024 ജനുവരിയിൽ സൈക്യാട്രിസ്റ്റുമാർക്കായുള്ള പ്രത്യേക റിക്രൂട്ട്മെന്റും ജൂണിൽ ഓൺലൈൻ അഭിമുഖങ്ങളും സംഘടിപ്പിച്ചു. നോർക്ക റൂട്ട്സ് വഴി യുകെ എൻഎച്ച്എസിലേക്ക് വിവിധ സ്പെഷ്യാലിറ്റികളിലെ ഡോക്ടർമാർ, നഴ്സുമാർ ഉൾപ്പെടെ 443 ഉദ്യോഗാർഥികളാണ് എത്തിയത്. തിരഞ്ഞെടുക്കപ്പെട്ട കൂടുതൽ പേർ യുകെയിലേക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പിലുമാണ്.

## കാനഡ റിക്രൂട്ട്മെന്റ്

2023 നവംബ റിലും ഡിസംബറിലും രണ്ട് ഘട്ടങ്ങളിലായി കനഡയിലേക്ക് നടത്തിയ റിക്രൂട്ട്മെന്റിൽ 190 പേർ തിരഞ്ഞെടുക്കപ്പെട്ടു.

## കുവൈത്ത് റിക്രൂട്ട്മെന്റ്

കുവൈത്ത് നാഷണൽ ഗാർഡിലേക്കുള്ള (പുരുഷ ഉദ്യോഗാർഥികൾക്കാ

# ഓപ്പറേഷൻ ശുഭയാത്ര

**അനധികൃത റിക്രൂട്ട്മെന്റ്, വീസ തട്ടിപ്പ്, മനുഷ്യക്കടത്ത് എന്നിവയ്ക്കെതിരെ നടപടികളെടുക്കുന്നതിനായുള്ള സംവിധാനമാണ് ഓപ്പറേഷൻ ശുഭയാത്ര. ക്രൈംബ്രാഞ്ച് ഐ.ജി നോഡൽ ഓഫീസറായ ഒരു സ്റ്റേറ്റ് സെല്ലും, ജില്ലകളിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിങ്ങ് യൂണിറ്റുകളും പ്രവർത്തിക്കുന്നു.**



യുള്ള) നിയമനം ലഭിച്ച ഡോക്ടർമാർ, നഴ്സുമാർ, ഫിസിയോതെറാപ്പിസ്റ്റ്, ബയോമെഡിക്കൽ എഞ്ചിനീയർ വിഭാഗങ്ങളിലുള്ള 27 പേർക്ക് 2022 ആഗസ്റ്റിൽ നിയമന ഉത്തരവുകൾ കൈമാറി.

## നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ്
**(എൻ.ഐ.എഫ്.എൽ)**

വിദേശങ്ങളിൽ തൊഴിൽ തേടുന്ന കേരളത്തിൽ നിന്നുള്ള ഉദ്യോഗാർഥികൾക്ക് വിദേശ ഭാഷാപ്രാവീണ്യവും തൊഴിൽ നൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്ന നോർക്ക റൂട്ട്സിന്റെ പുതിയ സംരംഭമാണ് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് (എൻ.ഐ.എഫ്.എൽ). തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം 2023 മാർച്ച് 14-ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. 2024 ഫെബ്രുവരി 17 ന് കോഴിക്കോട് സെന്റർ കൂടി യാഥാർഥ്യമായി. വിദേശഭാഷാപഠനത്തിനൊപ്പം മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ എന്ന നിലയിലാണ് എൻഐഎഫ്എൽ വിഭാവനം ചെയ്തിരിക്കുന്നത്.

OET (Occupational English TEST) യുടെ ഔദ്യോഗിക ഭാഷാപങ്കാളിയായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് (എൻഐഎഫ്എൽ) കഴിഞ്ഞ മാസമാണ് ധാരണാപത്രം ഒപ്പിട്ടത്.

വിദേശഭാഷാപഠനം കൂടുതൽ ജനകീയമാക്കുന്നതിന് ലക്ഷ്യമിട്ട് എൻഐഎഫ്എൽ സാറ്റലൈറ്റ് സെന്ററുകളും ഉടൻ യാഥാർഥ്യമാകും. ഇതിനായുള്ള ധാരണാപത്രം ഒപ്പിട്ടു. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ, വയനാട് ഒഴികെയുള്ള ജില്ലകളിലും കേരളത്തിനു പുറത്തും വിദ്യാഭ്യാസസ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് എൻ.ഐ.എഫ്.എൽ സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നത്.

## കോഴ്സുകൾ

എൻ. ഐ.എഫ്.എൽ സെന്ററുകളിൽ ഇംഗ്ലീഷ് ഭാഷയിൽ OET, IELTS ജർമ്മൻ ഭാഷയിൽ CEFR (Common European Framework of Reference for Languages) എ1, എ2, ബി1, ബി2



നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുന്നു




ലെവൽ വരെയുള്ള കോഴ്സുകളാണ് (ഓഫ് ലൈൻ, ഓൺലൈൻ) നിലവിലുള്ളത്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന ആരോഗ്യമേഖലയിലെ പ്രൊഫഷണലുകൾക്ക് നോർക്ക റൂട്ട്സ് വഴി വിദേശത്ത് ജോലി കണ്ടെത്തുന്നതിനും അവസരമുണ്ടാകും. ഓഫ് ലൈൻ കോഴ്സുകളിൽ ബിപിഎൽ, എസ് സി, എസ്ടി വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്ക് പഠനം പൂർണ്ണമായും സൗജന്യമായിരിക്കും. എപിഎൽ, പൊതുവിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് 75 ശതമാനം സർക്കാർ സബ്സിഡിയും ലഭിക്കും. സൗണ്ട് പ്രൂഫ് ലാംഗ്വേജ് ലാബ്, അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിച്ച ക്ലാസ് മുറികൾ എന്നിവ സവിശേഷതയാണ്.

**പരാതികൾ അറിയിക്കാം**
spnri.pol@kerala.gov.in
dyspnri.pol@kerala.gov.in
0471 2721547

## തൊഴിലന്വേഷകർക്ക് ബോധവത്കരണം

വിദേശ തൊഴിലന്വേഷകർക്ക് വ്യാജ റിക്രൂട്ട്മെന്റുകൾ, വീസ തട്ടിപ്പ്, സുരക്ഷിതമായ കുടിയേറ്റ മാർഗനിർദേശങ്ങൾ, നോർക്കയുടെ ക്ഷേമപദ്ധതികൾ എന്നിവയെക്കുറിച്ച് ബോധവത്ക്കരണ പരിപാടികളും നടത്തിവരുന്നു.

നോർക്ക റൂട്ട്സിന് സമാനമായ സംവിധാനം രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും അവകാശപ്പെടാനില്ല. ദീർഘവീക്ഷണത്തോടെയുള്ളതാണ് കേരളം പ്രവാസിക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ. നിരവധി സംസ്ഥാനങ്ങളാണ് നോർക്ക മാതൃക പഠിക്കുന്നതിനും നടപ്പാക്കുന്നതിനുമായി മുന്നോട്ടുവന്നിട്ടുള്ളത്.■

വീണ രാജൻ
മാധ്യമപ്രവർത്തക

> പൊതുജനാരോഗ്യരംഗത്ത് ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളം, ഇപ്പോൾ കരൾരോഗ ചികിത്സയിലും വൻ ചുവടുവയ്പ് നടത്തിയിരിക്കുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിലെ പത്താമത്തെ കരൾമാറ്റ ശസ്ത്രക്രിയയാണ് ഈ മാസം നടന്നത്

# കരളോളം കരുതൽ



സ്നേഹത്തിൽ മുക്കിയെടുത്ത് എന്റെ കരളേ എന്ന വിളിക്കാൻ നമ്മളിൽ പലരും പിശുക്ക കാട്ടാറില്ലെങ്കിലും കരളിന്റെ ആരോഗ്യകാര്യത്തിൽ മലയാളി ഇപ്പോഴും വലിയ ശ്രദ്ധ കൊടുക്കുന്നില്ല എന്നതാണ് വാസ്തവം. സംസ്ഥാനത്ത് കരൾരോഗികളുടെ എണ്ണം കൂടി വരികയാണ്. ഗുരുതരമായ കരൾരോഗങ്ങൾക്ക് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് പരിഹാരം. ഇതിനാകട്ടെ ലക്ഷങ്ങളാണ് ചെലവ് വരുന്നത്. സ്വകാര്യ ആശുപത്രികളിൽ മാത്രമായിരുന്നു മുമ്പ് കരൾ ട്രാൻസ്പ്ലാന്റേഷൻ സർജറികൾ നടന്നുവന്നിരുന്നത്. ഇതുമായി ബന്ധപ്പെട്ട ചെലവുകൾ സാധാരണക്കാരന് താങ്ങാവുന്നതിലും അപ്പുറമാണ്. പൊതുജനാരോഗ്യരംഗത്ത് ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളം, ഇപ്പോൾ കരൾരോഗ ചികിത്സയിലും വൻ ചുവടുവയ്പ് നടത്തിയിരിക്കുന്നു. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സൗകര്യമൊരുക്കി ചികിത്സ സാധാരണക്കാരനും താങ്ങാവുന്ന തരത്തിൽ നടപ്പാക്കി വിജയകരമായി മുന്നേറുകയാണ് സംസ്ഥാന സർക്കാർ.

സംസ്ഥാനത്ത് ആദ്യമായി ഈ ഉദ്യമത്തിൽ വിജയക്കൊടി പാറിച്ചത് കോട്ടയം

ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്ന അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ രോഗികൾക്കുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ഈ ലക്ഷ്യത്തോടെയാണ് സർക്കാർ ആശുപത്രികളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ യാഥാർഥ്യമാക്കിയത്. ഏഴാമത്തെ കരൾ മാറ്റിവക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ പൂർത്തിയായതോടെ ഇതുവരെ പത്ത് കരൾമാറ്റ ശസ്ത്രക്രിയകളാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ നടപ്പാക്കിയത്. മൂന്ന് എണ്ണം തിരുവനന്തപുരം മെഡിക്കൽ കോളേജിലും ഏഴ് എണ്ണം കോട്ടയം മെഡിക്കൽ കോളേജിലുമാണ് നടന്നത്. കഴിഞ്ഞ മാസം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായിരുന്നു. ദാതാവും സ്വീകർത്താവും സുഖം പ്രാപിച്ച് ആശുപത്രി വിട്ടു. രണ്ട് മെഡിക്കൽ കോളേജുകളിലെയും ആരോഗ്യ പ്രവർത്തകരെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

വീണാ ജോർജ്
ആരോഗ്യ, കുടുംബക്ഷേമവകുപ്പ് മന്ത്രി




മെഡിക്കൽ കോളേജാണ്. 2022 ഫെബ്രുവരി 12നാണ് സർക്കാർ മേഖലയിൽ ആദ്യ ശസ്ത്രക്രിയ നടന്നത്. തൃശ്ശൂർ വേലൂർ വട്ടേക്കാട്ടിൽ സുബീഷിനാണ് അന്ന് കരൾ മാറ്റിവച്ചത്. ഭാര്യ പ്രവിജയുടെ കരൾ പകുത്താണ് ഭർത്താവിൽ തുന്നിച്ചേർത്തത്. മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ: ജയകുമാറിന്റെയും സർജിക്കൽ ഗ്യാസ്ട്രോ വിഭാഗം മേധാവി ഡോ. ആർ.എസ്.സിന്ധുവിന്റെയും നേതൃത്വത്തിൽ ശസ്ത്രക്രിയ വിജയകരമായി നടന്നു. ഇത് ആരോഗ്യമേഖലയിൽ പുത്തനുണർവേകി.

നിലവിൽ സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിലായി പത്ത് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കി. മൂന്നെണ്ണം തിരുവനന്തപുരം മെഡിക്കൽ കോളേജിലും ഏഴെണ്ണം കോട്ടയം മെഡിക്കൽ കോളേജിലും. കോട്ടയത്ത് സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം മേധാവി ഡോ. സിന്ധുവും തിരുവനന്തപുരത്ത് സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി വിഭാഗം മേധാവി ഡോ. രമേശ് രാജനുമാണ് ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകുന്നത്.

സംസ്ഥാനത്തെ ആദ്യ പീഡിയാട്രിക് ലിവർ ട്രാൻസ്പ്ലാന്റേഷനും കോട്ടയം മെഡിക്കൽ കോളേജിലാണ് നടന്നത്. അഞ്ചുവയസ്സുള്ള കുഞ്ഞിന്റെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ് വിജയകരമായി പൂർത്തിയായത്. രാജ്യത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ വളരെ അപൂർവ്വമാണ് പീഡിയാട്രിക് ലിവർ ട്രാൻസ്പ്ലാന്റേഷൻ. അതും ലൈവ് ട്രാൻസ്പ്ലാന്റേഷൻ. അതിസങ്കീർണമായിട്ടുള്ള ശസ്ത്രക്രിയയ്ക്കാണ് കോട്ടയം മെഡിക്കൽ കോളേജ് സാക്ഷ്യം വഹിച്ചത്. നിലവിൽ



കോട്ടയം മെഡിക്കൽ കോളേജിൽ കരൾമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ വയനാട് സ്വദേശിനിയെ ആരോഗ്യമന്ത്രി വീണ ജോർജ് സന്ദർശിക്കുന്നു




## എന്താണ് കരൾരോഗം?

കരൾരോഗം എന്നത് കരളിനെ ബാധിക്കുകയും കേടുവരുത്തുകയും ചെയ്യുന്ന നിരവധി അവസ്ഥകളെ സൂചിപ്പിക്കുന്നതാണ്. ചെറിയ കരൾരോഗങ്ങൾ വരെ കാലക്രമേണ ലിവർ സിറോസിസിന് കാരണമാകും. കൃത്യസമയത്ത് മനസ്സിലാക്കി ചികിത്സിച്ചില്ലെങ്കിൽ കരൾ തകരാറിലേക്കും കരൾ കാൻസറിലേക്കും നയിക്കും. അണുബാധകൾ, പാരമ്പര്യരോഗങ്ങൾ, അമിതവണ്ണം, മദ്യത്തിന്റെ ഉപയോഗം എന്നിവ മൂലമുണ്ടാകുന്ന പല തരത്തിലുള്ള കരൾ രോഗങ്ങളുണ്ട്. കരൾരോഗം ഗുരുതരവും സങ്കീർണ്ണവും ആകാറുണ്ട്. നേരത്തെയുള്ള ചികിത്സ മാത്രമേ ഫലപ്രദമാവുകയുള്ളൂ. പൊതുവെ പ്രായപൂർത്തിയായവരിൽ 20% മുതൽ 30% വരെ കരളിൽ അധിക കൊഴുപ്പ് ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ അവസ്ഥയെ നോൺ-ആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് എന്ന് വിളിക്കുന്നു.



കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് നേതൃത്വം കൊടുത്ത കോട്ടയം മെഡിക്കൽ കോളേജിലെ സംഘം

## എപ്പോഴാണ് കരൾ മാറ്റിവയ്ക്കൽ ആവശ്യമായി വരുന്നത്?

കരൾ രോഗമോ അവസ്ഥയോ നിമിത്തം ഒരു വ്യക്തിയുടെ കരളിന് സാരമായ കേടുപാടുകൾ സംഭവിക്കുമ്പോഴോ പ്രവർത്തനരഹിതമാകുമ്പോഴോ അല്ലെങ്കിൽ അവസാന ഘട്ടത്തിലോ ആണ് കരൾ മാറ്റിവയ്ക്കൽ സാധാരണയായി പരിഗണിക്കുന്നത്.

## എന്താണ് കരൾ മാറ്റിവയ്ക്കൽ?

കരൾ മാറ്റിവയ്ക്കൽ എന്നത് ഒരു ശസ്ത്രക്രിയാ പ്രക്രിയയാണ്, അതിൽ രോഗം ബാധിച്ച കരൾ ആരോഗ്യമുള്ള കരൾ ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുന്നു. ട്രാൻസ്പ്ലാന്റേഷനുള്ള ആരോഗ്യകരമായ കരൾ സാധാരണയായി മരിച്ചവരിൽ നിന്നോ ജീവിച്ചിരിക്കുന്നവരിൽ നിന്നോ എടുക്കുന്നു. മസ്തിഷ്കമരണം സംഭവിച്ച / അടുത്തിടെ അന്തരിച്ച വ്യക്തിയാണ് മരിച്ച ദാതാവ്. രോഗിക്ക് കരളിന്റെ ഒരു ഭാഗം ദാനം ചെയ്യാൻ തയ്യാറുള്ള കുടുംബാംഗങ്ങളിൽ ഒരാളാണ് ജീവനുള്ള ദാതാവ്. നഷ്ടപ്പെട്ടതോ കേടായതോ ആയ ടിഷ്യുവിനെ പുനരുജ്ജീവിപ്പിക്കാൻ കരളിന് കഴിയും. ഈ പുനരുൽപാദനശേഷി ദാതാവിന്റെയും സ്വീകർത്താവിന്റെയും വീണ്ടെടുക്കലിൽ നിർണ്ണായകമാണ്.





ഡോ.ആർ.എസ്.സിന്ധു

തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിലാണ് കരൾമാറ്റ ശസ്ത്രക്രിയ നടന്നുവരുന്നത്.

കോട്ടയം മെഡിക്കൽ കോളേജിലെ ഏഴാമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയായത് അടുത്തിടെയാണ്. ഗുരുതര കരൾ രോഗം ബാധിച്ച മാവേലിക്കര സ്വദേശിയായ 57 വയസുകാരനാണ് കരൾ മാറ്റിവച്ചത്. അദ്ദേഹത്തിന്റെ 20 വയസുകാരനായ മകനാണ് കരൾ പകുത്ത് നൽകിയത്. മെഡിക്കൽ കോളേജുകളിൽ നടത്തിയ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ കരൾ പകുത്ത് നൽകിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് ഇദ്ദേഹം.

സർക്കാർ മേഖലയിൽ കരൾമാറ്റിവയ്ക്കൽ ഇത്രയും ശസ്ത്രക്രിയ വിജയിച്ചത് ആരോഗ്യ മേഖലയുടെ വലിയ നേട്ടമാണ്. സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കാനായി കാത്തിരിക്കുന്നവർ ധാരാളമുണ്ട്. സ്വകാര്യ മേഖലയിൽ 40 ലക്ഷത്തോളം

**അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യവുമായി കോഴിക്കോട് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു**

രൂപയാണ് ഇത്തരം ശസ്ത്രക്രിയയ്ക്ക് ചെലവ് വരുന്നത്. ഇത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന വ്യക്തിക്ക് വലിയ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കും. ഇതിനൊരു പരിഹാരമായാണ് സർക്കാർ മേഖലയിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർഥ്യമാക്കിയത്. ഇത് കൂടാതെ അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യവുമായി കോഴിക്കോട് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. അവയവങ്ങൾക്ക് കേടുപാട് വന്നവരുടെ ചികിത്സ മുതൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും പുനരധിവാസവും വരെയുള്ള സമഗ്ര പരിചരണം സാധ്യമാക്കുന്ന തരത്തിലാണ് ഇൻസ്റ്റിറ്റ്യൂട്ട് രൂപകല്പന ചെയ്തിരിക്കുന്നത്.■

> നഗരങ്ങളിലെ സുസ്ഥിരവികസനത്തിനുള്ള യുഎൻ ഹാബിറ്റാറ്റിന്റെയും ഷാങ്ഹായ് മുനിസിപാലിറ്റിയുടെയും നേതൃത്വത്തിലുള്ള ഷാങ്ഹായ് അവാർഡ് തിരുവനന്തപുരം കോർപ്പറേഷന്. കേന്ദ്രസർക്കാരിന്റെ ഹൗസിങ്ങ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപറേഷൻ (ഹഡ്കോ) ഏർപ്പെടുത്തിയ രണ്ട് ദേശീയ പുരസ്കാരങ്ങൾ തിരുവനന്തപുരം നഗരസഭയെ തേടിയെത്തിയതും അടുത്തിടെയാണ്



യു.എൻ ഹാബിറ്റാറ്റ് - ഷാങ്ഹായ് പുരസ്കാരം മേയർ ആര്യാ രാജേന്ദ്രനും സ്മാർട്ട് സിറ്റി സിഇഒ രാഹുൽ കൃഷ്ണ ശർമയും ചേർന്ന് സ്വീകരിക്കുന്നു

# പുരസ്കാരങ്ങളുടെ തലസ്ഥാനം

അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു നഗരത്തിന്റെ വളർച്ച നിർണ്ണയിക്കുന്നതിന് ഒട്ടേറെ മാനദണ്ഡങ്ങളുണ്ടാകാം. സുസ്ഥിര നഗരവികസന കാഴ്ചപ്പാട്, ശുചീകരണ പ്രവർത്തനങ്ങൾ, മാലിന്യ സംസ്കരണം, ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ, വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം തുടങ്ങി വിവിധ ഘടകങ്ങൾ ഇതുമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. ഇവയിൽ പല മേഖലകളിലും മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ച് അന്താരാഷ്ട്ര - ദേശീയ പുരസ്കാരങ്ങൾ വാരിക്കൂട്ടുകയാണ് തിരുവനന്തപുരം നഗരസഭ. ഏറ്റവും ഒടുവിലത്തേതാണ് സുസ്ഥിര വികസനത്തിനായുള്ള യുഎൻ ഹാബിറ്റാറ്റ് - ഷാങ്ഹായ് പുരസ്കാരം.

നഗരങ്ങളിലെ സുസ്ഥിരവികസനത്തിനുള്ള ആഗോള അവാർഡിന് (ഷാങ്ഹായ്




> ലോകത്തിലെ മികച്ച അഞ്ച് നഗരങ്ങൾക്കാണ് പുരസ്കാരം.
> ഇന്ത്യയിൽ നിന്ന് ഈ അവാർഡ് ലഭിക്കുന്ന ആദ്യ നഗരമാണ് തിരുവനന്തപുരം







അവാർഡ്) തിരുവനന്തപുരം കോർപറേഷനെ തിരഞ്ഞെടുത്തത് യുഎൻ ഹാബിറ്റാറ്റിന്റെയും ഷാങ്ഹായ് മുനിസിപ്പാലിറ്റിയുടെയും നേതൃതത്തിലുള്ള ആഗോള സംരംഭമാണ്. ലോകമെമ്പാടുമുള്ള നഗരങ്ങളുടേയും മുനിസിപ്പാലിറ്റികളുടേയും 2030-ലെ അജണ്ടയും പുതിയ നഗര അജണ്ടയും പരിശോധിച്ച് ഇവ നടപ്പാക്കുന്നതിലെ പുരോഗതിയും നേട്ടങ്ങളും പരിഗണിച്ചാണ് പുരസ്കാരം നൽകുന്നത്. ലോകത്തിലെ മികച്ച അഞ്ച് നഗരങ്ങൾക്കാണ് പുരസ്കാരം. ഇന്ത്യയിൽ നിന്ന് ഈ അവാർഡ് ലഭിക്കുന്ന ആദ്യ നഗരമാണ് തിരുവനന്തപുരം. മൊറോക്കോയിലെ അഗാദിർ, മെക്സിക്കോയിലെ ഇസ്റ്റപാലപ, ആസ്ട്രേലിയയിലെ മെൽബൺ, ഖത്തറിലെ ദോഹ എന്നിവയാണ് തിരുവനന്തപുരത്തിനൊപ്പം പുരസ്കാരം പങ്കിട്ടത്. 2023 ൽ ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ, ചൈനയിലെ ഫുസു, മലേഷ്യയിലെ ജോർജ് ടൗൺ, ഉഗാണ്ടയിലെ കംപാല, ബ്രസീലിലെ സാൽവഡോർ എന്നീ നഗരങ്ങൾക്കാണ് ഈ അവാർഡ് ലഭിച്ചത്.

ലോകജനസംഖ്യയുടെ 55 ശതമാനം

# രാജ്യത്തെ ഏറ്റവും ഫലപ്രദമായ ഇടപെടൽ

വീണ്ടും രണ്ട് ദേശീയ പുരസ്കാരങ്ങളുടെ തിളക്കത്തിലാണ് തിരുവനന്തപുരം കോർപ്പറേഷൻ, രണ്ടും കേന്ദ്ര സർക്കാരിന്റെ പുരസ്കാരങ്ങളുമാണ്...

കേന്ദ്രസർക്കാരിന്റെ ഹൗസിങ്ങ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏർപ്പെടുത്തിയ രണ്ട് ദേശീയ പുരസ്കാരങ്ങൾ നേടിയ തിരുവനന്തപുരം നഗരസഭയെ ഹൃദയപൂർവം അഭിനന്ദിക്കുന്നു. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന് കീഴിലെ ഹഡ്കോ ഏർപ്പെടുത്തിയ പുരസ്കാരങ്ങളിൽ അർബൻ ഗവേണൻസ്, സാനിറ്റേഷൻ എന്നീ വിഭാഗങ്ങളിലാണ് തിരുവനന്തപുരം ഒന്നാമതെത്തിയത്.

മികച്ച പ്രവർത്തനങ്ങളിലൂടെ നിരവധി ശ്രദ്ധേയമായ പുരസ്കാരങ്ങളാണ് തിരുവനന്തപുരം നഗരസഭ ഈയടുത്ത കാലത്ത് സ്വന്തമാക്കിയത്. രണ്ട് മാസം മുൻപാണ് കേന്ദ്രസർക്കാരിന്റെ പ്രധാൻമന്ത്രി സ്വനിധി PRAISE പുരസ്കാരം നഗരസഭ സ്വന്തമാക്കിയത്. സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളുടെ മികവിന്റെ അടിസ്ഥാനത്തിൽ സിറ്റി 2.0 യ്ക്ക് തെരഞ്ഞെടുക്കപ്പെട്ട രാജ്യത്തെ അപൂർവം നഗരങ്ങളിലൊന്നാവാനും തിരുവനന്തപുരത്തിന് കഴിഞ്ഞു. അമൃത് 1 പദ്ധതി നടത്തിപ്പിലെ മികവിന്റെ അടിസ്ഥാനത്തിൽ 10 കോടി രൂപയുടെ പ്രത്യേക ഇൻസെന്റീവും കേന്ദ്രസർക്കാരിൽ നിന്ന് നഗരസഭ നേടിയെടുത്തിരുന്നു. തുടർച്ചയായ വർഷങ്ങളിൽ സംസ്ഥാനത്തെ മികച്ച നഗരസഭയ്ക്കുള്ള സ്വരാജ് ട്രോഫി, ആർദ്രകേരളം പുരസ്കാരം, വയോസേവന പുരസ്കാരം, ഭിന്നശേഷി സൗഹൃദനഗരസഭ തുടങ്ങി നഗരസഭയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ നീളുന്നു. ഈ പ്രവർത്തനങ്ങൾക്കാകെ നേതൃത്വം നൽകിയ മേയർ ആര്യാ രാജേന്ദ്രന് ടൈംസ് ബിസിനസ് അവാർഡ് ലഭിച്ചതും പ്രത്യേകം ഓർക്കണം. തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കുന്ന കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്ക് ഔട്ട്സ്റ്റാൻഡിങ്ങ് പെർഫോമൻസ് ഇൻ എനർജി എഫിഷ്യൻസി പുരസ്കാരമാണ് ലഭിച്ചത്. ഈ മുന്നേറ്റം തുടരാൻ നഗരസഭയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.



തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി.രാജേഷിന്റെ ഫേസ്ബുക്ക് കുറിപ്പിൽ നിന്ന്

നഗരങ്ങളിലാണ് പാർക്കുന്നത് എന്നുള്ള തിനാലാണ് സുസ്ഥിര നഗര വികസന കാഴ്ചപ്പാടിന് പ്രാധാന്യമേറുന്നത്. ലോകമെങ്ങുമുള്ള വിവിധ നഗരങ്ങൾ ഈ അവാർഡിനായി അപേക്ഷിച്ചിരുന്നു. അവയിൽ നിന്ന് സുസ്ഥിര വികസന സൂചികയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ, നഗരസുരക്ഷാ മാനദണ്ഡങ്ങൾ, നഗര ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ തിരുവനന്തപുരം നഗരസഭ നടത്തിയ ഇടപെടൽ പരിഗണിച്ചാണ് ഈ അംഗീകാരം ലഭിച്ചത്.

## സീറോ കാർബൺ ട്രിവാൻഡ്രം

യഥാർഥത്തിൽ, സീറോ കാർബൺ ട്രിവാൻഡ്രം എന്ന ആശയമാണ് തിരുവനന്തപുരത്തിന് യു.എൻ. ഹാബിറ്റാറ്റ് പുരസ്കാരം നേടിക്കൊടുത്തത്. ഈ പദ്ധതിയുടെ ഭാഗമായി പ്രതിവർഷം 2.5 കോടി യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന 17,000 കിലോവാട്ട് ശേഷിയുള്ള സോളാർ പാനൽ 515 സർക്കാർ സ്ഥാപനങ്ങളിലായി സ്ഥാപിച്ചു. പൊതുഗതാഗത സൗകര്യത്തിനായി 115 ഇലക്ട്രിക് ബസുകൾ നിരത്തിലിറക്കി. 2000 സോളാർ തെരുവ് വിളക്കുകൾ നാടിനു സമർപ്പിച്ചു. മുഴുവൻ തെരുവുവിളക്കുകളും എൽഇഡിയിലേക്ക് മാറുകയാണ്. തൊഴിൽരഹിതർക്കായി 100 ഇലക്ട്രിക് ഓട്ടോകൾ വിതരണം ചെയ്തു. നഗരസഭ പ്രവർത്തനങ്ങൾക്കുവേണ്ടി 35 ഇലക്ട്രിക് സ്കൂട്ടറുകൾ നിരത്തിലിറക്കി. 2025 ജൂൺ 5ന് പരിസ്ഥിതി



ദിനത്തോടനുബന്ധിച്ച് ട്രിവാൻഡ്രം ക്ലൈമറ്റ് ബജറ്റ് പ്രഖ്യാപിക്കുന്നതിനായി ഒരുങ്ങുകയാണ് തിരുവനന്തപുരം നഗരസഭ. സുസ്ഥിര നഗരം, സോളാർ നഗരം എന്നീ ലക്ഷ്യങ്ങളിലേക്കെത്തിച്ചേരാൻ തിരുവനന്തപുരം നഗരസഭ ഏറ്റെടുത്ത ചിട്ടയായ പ്രവർത്തനങ്ങൾ മറ്റ് നഗരങ്ങൾക്കും മാതൃകയാണ്.

കേന്ദ്രസർക്കാരിന്റെ ഹൗസിങ്ങ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപറേഷൻ (ഹഡ്കോ) ഏർപ്പെടുത്തിയ രണ്ട് ദേശീയ പുരസ്കാരങ്ങൾ തിരുവനന്തപുരം നഗരസഭയെ തേടിയെത്തിയതും അടുത്തിടെയാണ്. അർബൻ ഗവേണൻസ്, സാനിറ്റേഷൻ വിഭാഗങ്ങളിലാണ് തിരുവനന്തപുരം ഒന്നാമതെത്തിയത്. ഇ ഗവേണൻസ് സംവിധാനം വഴി ടാങ്കറിൽ കുടിവെള്ള വിതരണം കാര്യക്ഷമമായും അമിത ചാർജ് ഇല്ലാതെയും നടപ്പാക്കിയതിനാണ് ആദ്യ പുരസ്കാരം. രാജ്യത്തെ ഏറ്റവും ഫലപ്രദമായ സെപ്റ്റേജ് ശേഖരണ-സംസ്കരണ സംവിധാനം ഏർപ്പെടുത്തിയതിനാണ് രണ്ടാമത്തെ പുരസ്കാരം. മികച്ച നഗരസഭയ്ക്കുള്ള സ്വരാജ് ട്രോഫി, ആർദ്രകേരളം പുരസ്കാരം, വയോസേവന പുരസ്കാരം, ഭിന്നശേഷി സൗഹൃദനഗരസഭ തുടങ്ങി ഒട്ടേറെ ദേശീയ പുരസ്കാരങ്ങളും തിരുവനന്തപുരം നഗരസഭ നേടിയിട്ടുണ്ട്.■

എം.എൻ. സുനിൽകുമാർ
ഐ പി ആർ ഡി

വൈവിധ്യം കൊണ്ട് ലോകത്തിലെ ഏറ്റവും വലിയ മേളയായ ഒളിമ്പിക്സിന്റെ മാതൃകയിൽ സംഘടിപ്പിച്ച കേരള സ്കൂൾ കായികമേള കൊച്ചി 24 സംഘാടന മികവുകൊണ്ടും കുട്ടികളുടെ പങ്കാളിത്തംകൊണ്ടും കായിക രംഗത്ത് ഒരു പുത്തൻ അനുഭവമാണ് കായികപ്രതിഭകൾക്ക് നൽകിയത്

# പുതുചരിത്രം കുറിച്ച് സ്കൂൾ ഒളിമ്പിക്സ്




സംസ്ഥാന സ്കൂൾ കായികമേള വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു




പിഴവില്ലാത്ത ആസൂത്രണത്തിന്റെയും കൃത്യതയാർന്ന സംഘാടനത്തിന്റെയും മികവോടെ ചരിത്രത്തിലിടം നേടിയിരിക്കുകയാണ് ആദ്യമായി ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിച്ച കേരള സ്കൂൾ കായികമേള. സവിശേഷതകൾ കൊണ്ട് സമ്പന്നമായിരുന്ന കായികപ്പൂരം പരാതികളില്ലാതെ കൊച്ചിയിൽ കൊടിയിറങ്ങുമ്പോൾ കേരളത്തിലെ കായികപ്രതിഭകൾ ശുഭപ്രതീക്ഷയിലാണ്. എണ്ണയിട്ട യന്ത്രം പോലെ പ്രവർത്തിച്ച അധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും വോളന്റിയർമാരുടെയും പ്രയത്നത്തിന്റെയും കൂട്ടായ്മയുടെയും വിജയമാണിത്.

കൗമാരാവേശം വാനോളമുയർന്ന കൊച്ചിയിലെ കായികമേളയിൽ ദേശീയ റെക്കോഡിനെ മറികടക്കുന്ന പ്രകടനങ്ങളുണ്ടായി. നാളെയുടെ





കായികതാരങ്ങളെ വാർത്തെടുക്കാനുള്ള അവസരവും പ്രോത്സാഹനവുമാണ് കായികമേളയിൽ ഒരുക്കിയത്. സവിശേഷ പരിഗണന അർഹിക്കുന്ന വിഭാഗത്തിലുള്ള കുട്ടികളെയും ഗൾഫിൽ കേരള സിലബസിൽ പഠിക്കുന്ന കുട്ടികളെയും ഉൾപ്പെടുത്തിയ മേള കായിക ചരിത്രത്തിലെ മറ്റൊരു കേരള മാതൃകയായി. ആകെ 39 കായിക ഇനങ്ങളാണ് മേളയിലുണ്ടായിരുന്നത്. ജനറൽ വിഭാഗത്തിൽ 23,330 കുട്ടികളും ഇൻക്ലൂസീവ് സ്പോർട്സിൽ 1587 കുട്ടികളും പങ്കെടുത്തു. ആകെ കായികമേളയുടെ ഭാഗമായത് 24,917 കുട്ടികൾ. 19 വേദികൾ. 1244 ഒഫീഷ്യൽസ് മത്സരം നിയന്ത്രിച്ചു. 400 മാധ്യമ പ്രവർത്തകർ മേളയുടെ കവറേജിനെത്തി. വിജയികൾക്കു സമ്മാന തുക, മെഡൽ, സർട്ടിഫിക്കറ്റ് എന്നിവക്കൊപ്പം കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക്  മുഖ്യമന്ത്രിയുടെ പേരിലുള്ള എവർ റോളിങ്ങ് ട്രോഫിയും സമ്മാനിച്ചു. മത്സരവിജയികൾക്ക് 2590 ട്രോഫികളാണ് വിതരണം ചെയ്തത്.

## 'സവിശേഷം' ഈ മേള

എല്ലാവരെയും ചേർത്തുപിടിക്കുക എന്ന നയത്തിന്റെ ഭാഗമായി സവിശേഷ പരിഗണന അർഹിക്കുന്നവർക്കായി സമർപ്പിച്ച ദിനത്തോടെയാണ് മേള തുടങ്ങിയത്. ഇൻക്ലൂസീവ് സ്പോർട്സ് ആണ് മേളയെ സവിശേഷമാക്കിയത്. ഒളിമ്പിക്സ് വേദിയിൽ പ്രധാന ഒളിമ്പിക്സ് അവസാനിച്ച ശേഷം പിന്നീടാണ് സവിശേഷ പരിഗണന അർഹിക്കുന്നവർക്കായുള്ള പാരാലിമ്പിക്സ് നടത്താറ്. എന്നാൽ









ഇവിടെ സവിശേഷ പരിഗണന അർഹിക്കുന്നവർക്കായുള്ള മത്സരങ്ങളോടെയായിരുന്നു തുടക്കം.

സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ വിവിധ ഇൻക്ലൂസീവ് കായിക ഇനങ്ങളിൽ ജില്ലാതല പരിശീലനം ലഭിച്ച കുട്ടികളാണ് മേളയിൽ പങ്കെടുത്തത്. എസ്.സി.ഇ.ആർ.ടിയും എസ്.എസ്.കെയും സംയുക്തമായി തയ്യാറാക്കിയ ഇൻക്ലൂസിവ് സ്പോർട്സ് മാന്വൽ പ്രകാരമാണ് പരിശീലനം നൽകിയത്. ഇവർക്കുള്ള ജഴ്സി, ട്രാക്ക് സ്യൂട്ട് തുടങ്ങിയവ പൊതുവിദ്യാഭ്യാസ വകുപ്പ്, ജില്ലാ പഞ്ചായത്ത്, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ നൽകി.

## ഹൈടെക് മേള

സ്കൂൾ കായികമേളയുടെ നടത്തിപ്പും കാഴ്ചയും ഹൈടെക്കാക്കാനുള്ള ദൗത്യം പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സഫലമാക്കി. കൈറ്റ് വിക്ടേഴ്സ് ചാനലിൽ മേള തുടങ്ങിയത് മുതൽഅവസാനിക്കുന്നതുവരെ 100 മണിക്കൂർ ലൈവായി നൽകി. www.youtube.com/itsvicters എന്ന കൈറ്റ് വിക്ടേഴ്സ് യൂട്യൂബ് ചാനലിലും ഇവ ലഭ്യമാക്കി. സ്കൂൾവിക്കിയിൽ (www.schoolwiki.in) കായികമേളയുടെ 5000 ചിത്രങ്ങൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ വഴി അപ്ലോഡ് ചെയ്തു. ഇരുപത്തിനാലായിരത്തിലധികം കായികതാരങ്ങളും അവരെ അനുഗമിക്കുന്നവരും സംഗമിച്ച കായികമേളയായിട്ടും വിട്ടുവീഴ്ചകളില്ലാതെ ഹരിതചട്ടം ഉറപ്പ് വരുത്തുവാനായതും മികവാണ്.■





ചിത്രങ്ങൾ: എം എ ജയൻ, എ എസ് ശരത്, ടി ഡി ഉണ്ണികൃഷ്ണൻ, മഹേഷ് പ്രഭു, അരുൺ ചന്ദ്രബോസ്, ഇന്ദു വി കുട്ടൻ

രതീഷ് ജോൺ ഐ പി ആർ ഡി



നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേളയുടെ 43-ാം പതിപ്പിൽ തിളങ്ങി കേരളം

# വൈവിധ്യങ്ങളുടെ വർണ്ണരാജിയിൽ കേരളം

അന്തർദേശീയ- ദേശീയ തലത്തിൽ വൻ വിപണിസാധ്യതകൾ ഒരുക്കുന്ന ഉത്സവക്കാഴ്ചയാണ് ഇന്ന് ഇന്ത്യ അന്താരാഷ്ട്ര വ്യാപാരമേള. കേരളത്തിന്റെ തനത് ഉൽപന്നങ്ങളും വിഭവങ്ങളും സേവനങ്ങളും സാംസ്കാരിക സവിശേഷതകളും ആഗോളതലത്തിൽ പ്രശസ്തമാക്കുക, ആഗോള വിപണിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക, അതുവഴി തദ്ദേശീയ സംരംഭങ്ങൾ വളർത്തുകയും വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കേരളം അന്താരാഷ്ട്ര വ്യാപാരമേളയുടെ ഭാഗമാകുന്നത്. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ മേൽനോട്ടത്തിലാണ് കേരള പവലിയന്റെ രൂപകല്പനയും സാക്ഷാത്കാരവും ഏകോപനവും. വിവിധ മേഖലകളിൽ കേരളം കൈവരിച്ച നേട്ടവും അത് രാജ്യപുരോഗതിയിൽ ഉണ്ടാക്കിയ മുന്നേറ്റവുമാണ് പവലിയനിൽ ആവിഷ്ക്കരിച്ചത്.

250 ചതുരശ്രമീറ്ററിലായി 24 സ്റ്റാളുകളാണ് കേരള പവലിയനിൽ ക്രമീകരിച്ചത്. സാംസ്കാരിക വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, ടൂറിസം വകുപ്പ്, ഹാന്റെക്സ്, പഞ്ചായത്ത് വകുപ്പ്, പട്ടികവർഗ വികസന വകുപ്പ്, ഔഷധി, ഹാൻവീവ്, ഹാന്റ്ലൂം & ടെക്സ്റ്റയിൽസ്, മാർക്കറ്റ് ഫെഡ്, കുടുംബശ്രീ, പ്ലാന്റേഷൻ ഡയറക്ടറേറ്റ്, ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കൈരളി), ബാംബൂ വികസന കോർപ്പറേഷൻ, കയർ വികസന വകുപ്പ്, കേരഫെഡ്,









ചിത്രങ്ങൾ: രമേശ് എസ്, അനിൽകുമാർ വി. എം

അതിരപ്പിള്ളി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി, കൃഷി വകുപ്പ്, ഫാം ഇൻഫർമേഷൻ ബ്യൂറോ, ഫിഷറീസ് (സാഫ്), മത്സ്യഫെഡ് എന്നിവ കേരള പവിലിയനിൽ അണിനിരന്നു.

വൈവിധ്യമാണ് കേരള പവലിയനെ വേറിട്ടതാക്കിയത്. സുഗന്ധവ്യഞ്ജനങ്ങൾ, ഫാം ഉൽപന്നങ്ങൾ തുടങ്ങി രുചിയുടെയും കരകൗശലത്തിന്റെയും സാംസ്കാരികത്തനിമയുടെയും സംഗമമാണ് കേരള പവലിയനെ ശ്രദ്ധാകേന്ദ്രമാക്കിയത്. കാന്താരി ഹൽവയും ഉണക്കമീൻ ഫ്രൈയും വാട്ടുകപ്പയും കേരളത്തിന്റെ തനത് വിഭവങ്ങളും മുതൽ വിവിധതരം കൗതുകവസ്തുക്കളും നിരന്നപ്പോൾ കേരള പവലിയനിലേക്ക് സന്ദർശകർ ഒഴുകിയെത്തി. രാജ്യാന്തര വ്യാപാരമേളയിൽ ആദ്യമായി ട്രാൻസ് ജെൻഡർ വിഭാഗത്തിൽ നിന്നുള്ളവരും മേളയുടെ ഭാഗമായി. കുടുംബശ്രീയുടെ ഭാഗമായിട്ടാണ് അവർ പ്രവർത്തിച്ചത്.

ദേശീയ സൂചികകളിൽ കേരളം ഒന്നാം സ്ഥാനം നേടിയ മേഖലകൾക്ക് പ്രാധാന്യം നൽകി നമ്പർ വൺ കേരളം എന്ന ബ്രാൻഡിങ്ങ് ആശയത്തിലും സാക്ഷാത്കാരത്തിലും ഉൾപ്പെടുത്തിയാണ് കേരള പവലിയൻ ചിട്ടപ്പെടുത്തിയത്. കേരളത്തിന്റെ വികസനവും പ്രകൃതിഭംഗിയും പ്രദർശിപ്പിക്കുന്ന എൽ.ഇ. ഡി വാളും കേരളത്തിന്റെ സാംസ്കാരികത്തനിമയും വളർച്ചയും നിറം പകരുന്ന ഡൂഡിൽ ആർട്ടും വൃത്താകൃതിയിലുള്ള ലോഞ്ചും വിസ്മയക്കാഴ്ചയായി.■

രമേഷ്കുമാർ വെള്ളമുണ്ട
ഐ പി ആർ ഡി

മുണ്ടക്കൈ -ചൂരൽമല ദുരന്തത്തിൽ നിരവധി മൃതദേഹങ്ങൾ തിരിച്ചറിഞ്ഞ ആശാപ്രവർത്തകയാണ് ഇത്തവണ സംസ്ഥാനസർക്കാരിന്റെ കേരളശ്രീ പുരസ്കാരം നേടിയ ഷൈജ ബേബി. ആരും പതറിപ്പോകുന്ന സാഹചര്യങ്ങളിൽ നാടിന് കരുത്തായി നിന്നു അവർ

# പതറാത്ത മാനവികതയ്ക്ക് കേരളശ്രീ തിളക്കം

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ ഒരൊറ്റ രാത്രിയിലെ മലവെള്ളപ്പാച്ചിലിൽ ഒരു നാട് മുഴുവൻ ഒലിച്ചുപോയപ്പോൾ അതിൽ ഉൾപ്പെട്ടുപോയവർ ആരൊക്കെ എന്നതായിരുന്നു ആശങ്കയേറിയ ചോദ്യം. വൻ ആഘാതമേൽപ്പിച്ച ആ ദുരന്തം വീടുകളെയും നിരവധി മനുഷ്യരെയും തുടച്ചുകൊണ്ടുപോയിരുന്നു. ചേതനയറ്റ ശരീരങ്ങൾ തിരിച്ചറിയാൻ ബന്ധുക്കൾ പോലുമില്ലാത്ത ദുരന്തക്കാഴ്ചകൾ. ദുരന്തമുഖത്ത് നിന്നും മേപ്പാടിയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് ഇടതടവില്ലാതെ എത്തിക്കൊണ്ടിരുന്ന മൃതദേഹങ്ങൾ തിരിച്ചറിയാൻ എന്താണ് മാർഗം എന്ന ചോദ്യത്തിന് നാട്ടുകാരുടെ ഉത്തരമായിരുന്നു ഷൈജ ബേബി. ഒന്നും രണ്ടുമല്ല, ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ച നൂറിലധികം പേരുടെ മൃതദേഹങ്ങളാണ് ഈ ആശാപ്രവർത്തക തിരിച്ചറിഞ്ഞത്.

## സുപരിചിതമായ ഗ്രാമം

മുണ്ടക്കൈയിലും ചൂരൽമലയിലും ആശാ പ്രവർത്തക, ഗ്രാമപഞ്ചായത്തംഗം, തൊഴിലുറപ്പ് പദ്ധതി മേറ്റ് എന്നിങ്ങനെ പല മേഖലകളിൽ പ്രവർത്തിച്ച അനുഭവസമ്പത്ത് കൊണ്ടാണ് ഷൈജ ബേബി നാടിന് പരിചിതമായത്. നാടുമായി വർഷങ്ങളായുള്ള ഈ ആത്മബന്ധത്തിൽ നാട്ടുകാരും ഉറ്റവരായി. ഓരോ വീടും വീട്ടുകാരെയും അത്രയധികം അടുത്തറിയുന്നവർ വേറെയില്ല. ഈയൊരൊറ്റ കാരണം മാത്രം മതിയായിരുന്നു



ഷൈജ ബേബി





മരിച്ചവരെ തിരിച്ചറിയാൻ ഷൈജ ബേബിക്ക് കഴിയുമെന്ന് ഉറപ്പിക്കാൻ. ആശുപത്രിയിലും മറ്റിടങ്ങളിലുമായെല്ലാം എത്തിക്കൊണ്ടിരുന്ന മൃതദേഹങ്ങൾ തിരിച്ചറിയാൻ 11 ദിവസം ഷൈജ കർമ്മനിരതയായിരുന്നു. ഷൈജയുടെ അടുത്ത ബന്ധുക്കളായ എട്ടുപേരുടെ മൃതദേഹവും അകന്ന ബന്ധുക്കളായ 31 പേരുടെയും മൃതദേഹവും തിരിച്ചറിയാൻ ഷൈജ തന്നെ വേണ്ടിവന്നു.

## അവരെല്ലാം ബന്ധുക്കൾ

2015 മുതൽ 2020 വരെയുള്ള കാലയളവിൽ മേപ്പാടി ഗ്രാമപഞ്ചായത്ത് 11 -ാം വാർഡായ മുണ്ടക്കൈയിലെ മെമ്പറായിരുന്നു ഷൈജ. ഇക്കാലയളവിൽ മേപ്പാടി ഗ്രാമപഞ്ചായത്ത വൈസ് പ്രസിഡന്റ് പദവിയും ഏറ്റെടുത്തു. ചൂരൽമലയിൽ നിന്നാണ് ഭർത്താവ് ബേബിയുടെ വീട്ടുള്ള മുണ്ടക്കൈയിലേക്ക് ഷൈജ എത്തിപ്പെടുന്നത്. 2020 ലുണ്ടായ ഉരുൾപൊട്ടലിൽ വീട് തകർന്നതോടെ വാടക വീട്ടിലായിരുന്നു താമസം. പിന്നെ കൈക്കുഞ്ഞുങ്ങളുമായി ഈ നാട്ടിലാണ് വേരുറപ്പിച്ചത്. അത്രയധികം സ്നേഹം തന്ന ഈ നാട് അങ്ങനെ സ്വന്തം നാടും നാട്ടുകാർ ബന്ധുക്കളുമായി. 2009 ൽ തുടങ്ങി 13 വർഷത്തോളം ആശാപ്രവർത്തകയായി ജോലി നോക്കിയതിനാൽ മുണ്ടക്കൈയും ചൂരൽമലയെല്ലാം സുപരിചിതം. അവരെല്ലാം നാട്ടുകാർ മാത്രമല്ല ബന്ധുക്കളുമാണെന്നും ഷൈജ പറയുന്നു. ഇപ്പോൾ മേപ്പാടി ഗ്രാമപഞ്ചായത്ത് 20 -ാം വാർഡ് കോടനാടിലെ ആശാപ്രവർത്തകയാണ് ഷൈജ ബേബി. ദുരന്തം വന്നത് മുതൽ ഷൈജ ആശുപത്രിയിലും മുണ്ടക്കൈ ചൂരൽമല രക്ഷാപ്രവർത്തകർക്കിടയിലുമെല്ലാം ഓടി നടക്കുകയായിരുന്നു. ആരോഗ്യവകുപ്പിനും ഷൈജ തന്നെയായിരുന്നു ആശ്രയം, മരിച്ചയാളുകളെ തിരിച്ചറിയാനുള്ള ആദ്യവഴികൾ ഷൈജയിലാണെത്തിയത്.

> **ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ച നൂറിലധികം പേരുടെ മൃതദേഹങ്ങളാണ് ഈ ആശാപ്രവർത്തക തിരിച്ചറിഞ്ഞത്**

## ദുരന്തത്തിൽ സ്വന്തം വീടും തകർന്നു

പ്രവാസിയായിരുന്ന ഷൈജയുടെ ഭർത്താവ് ബേബി കടബാധ്യതയെ തുടർന്ന് 2005 ൽ വിദേശത്ത് ആത്മഹത്യ ചെയ്തു. നാട്ടിൽ നിന്നും അവിടെയെത്തി നാല് മാസം പിന്നിടവെയാണ് മരണം. പിന്നീട് ഒട്ടേറെ പ്രതിസന്ധികളാണ് മുന്നിലുണ്ടായിരുന്നത്. മുണ്ടക്കൈയിൽ നിന്നും ചൂരൽമലയിലെ വാടക വീട്ടിലേക്ക് താമസം മാറ്റി. ഇതിനിടെ ലൈഫ് ഭവന പദ്ധതിയിൽ ആകെയുണ്ടായിരുന്ന 19 സെന്റ് സ്ഥലത്ത് ചൂരൽമല സ്കൂൾ റോഡിൽ വീടുപണി തുടങ്ങാനായി. വീട് പണി പൂർത്തിയാക്കാനിരിക്കവെ ഉരുൾപൊട്ടൽ ഈ വീടിനെയും തകർത്തു. ഈ സമയം വാടകവീട്ടിലായതുകൊണ്ട് മാത്രമാണ് ഷൈജയ്ക്ക് ജീവൻ ബാക്കിയായത്. മകനും മരുമകളും അടങ്ങുന്ന കുടുംബം ഇപ്പോൾ ആകെയുള്ള സ്ഥലവും വീടും നഷ്ടമായതിന്റെ ആകുലതയിലാണ്. അപ്പോഴും തളർന്നിരിക്കാനാകില്ല. നിർണ്ണായകമായ സമയങ്ങളിൽ നാടിനൊപ്പം നിൽക്കുക എന്നതാണ് ഷൈജയുടെ തീരുമാനം. പുരസ്കാരങ്ങൾ തന്നെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാ സ്ത്രീകൾക്കും സമർപ്പിക്കുന്നതായി ഷൈജ പറഞ്ഞു. ഇപ്പോൾ മേപ്പാടിയിലെ കോടനാട്ടെ ആശാപ്രവർത്തകയാണെങ്കിലും ഏറെക്കാലം ജോലി ചെയ്ത മുണ്ടക്കൈയിൽ ഇടയ്ക്കിടെ പോകും. എല്ലാവരും ഒരു വീടുപോലെ കഴിഞ്ഞവരാണ്. നാടിന്റെ ഓർമ്മകളും മാഞ്ഞുപോയ മുഖങ്ങളും തന്നെയാണ് ഈ വേളയിലും തെളിഞ്ഞുവരുന്നതെന്ന് ഷൈജ ബേബി പറയുന്നു.■


**ജി. കൃഷ്ണസ്വാമി**
സംവിധായകൻ, നിർമ്മാതാവ്



ചലച്ചിത്രനിർമ്മിതിയിൽ ഫിലിം ഉപേക്ഷിക്കപ്പെട്ടിട്ട് നിരവധി വർഷങ്ങളായി. ഡിജിറ്റൽ കാലത്തുനിന്ന് നോക്കുമ്പോൾ ചലച്ചിത്രനിർമ്മാണത്തിലെ ഫിലിം കാലത്തിന്റെ കൗതുകങ്ങൾ

# ഓർമ്മയുണ്ടോ ആ സിനിമാക്കാലം?






വിഖ്യാത സംവിധായകൻ മൃണാൾ സെൻ ചിത്രീകരണവേളയിൽ.
ഫോട്ടോ കടപ്പാട്: Mrinalsen.org

ആദ്യകാല സിനിമകളുടെ ഏടുകൾ തിരയുമ്പോൾ കാണുന്നത് ബ്ലാക്ക് & വൈറ്റ് ഫിലിമുകളാണ്. പ്രകാശം കയറാത്തവിധം സൂക്ഷിച്ചുവെച്ചിരിക്കുന്ന ഫിലിംക്യാനുകളും പലതരം ലൈറ്റുകളും, മേക്കപ്പുകളും കോസ്റ്റ്യൂമുമൊക്കെ ബ്ലാക്ക് & വൈറ്റ് ഫിലിമിന് അനുചരരായിട്ടുണ്ടാകും. സിനിമയിൽ വെളുത്ത വസ്ത്രം ധരിച്ചുവരുന്ന നായകൻ, ഷൂട്ടിംഗ് സമയത്ത് അല്പം മഞ്ഞ നിറമുള്ള വസ്ത്രമായിരിക്കും ധരിക്കുക. അല്ലെങ്കിൽ മറ്റ നിറങ്ങളോ കളങ്ങളോ ഉള്ള വസ്ത്രം ധരിക്കണം. തനി വെള്ളയായാൽ ഫ്ളാഷായി പോകും.

കോമേഴ്സൽ ചിത്രം ഷൂട്ടു ചെയ്യാൻ 35 എംഎം ന്റെ ആരിഫ്ലക്സ്/ മിച്ചൽ ക്യാമറകളാണ് ഉപയോഗിച്ചിരുന്നത്. ചെലവുകുറച്ച് ആർട്ട് ഫിലിമുകളുമൊക്കെ ചെയ്യുന്നവർ 16എംഎം ഫിലിമും അതിന്റേതായ ക്യാമറയും ഉപയോഗിച്ചിരുന്നു. പ്രശസ്തമായ അർദ്ധസത്യ, മൃഗയ തുടങ്ങിയ ചിത്രങ്ങൾ 16 എംഎം ൽ ഷൂട്ടു ചെയ്ത് 35 എംഎം ൽ ബ്ലോ-അപ് ചെയ്തു തിയേറ്ററിൽ എത്തിച്ചിട്ടുള്ള ചിത്രങ്ങളാണ്. ഈ ലേഖകൻ ചെയ്ത 'സ്വാമി ശ്രീനാരായണ ഗുരു' അത്തരത്തിലൊന്നാണ്.  ബ്ലോ അപ് ചെയ്യുമ്പോഴുണ്ടാകുന്ന ഗ്രെയിൻസ് സൊല്യൂഷൻ പ്രിന്റിങ്ങിലൂടെ മാറ്റി ക്ലാരിറ്റി വർധിപ്പിക്കുവാനാവും.

ഒട്ടുമിക്ക മലയാള ചിത്രങ്ങളും 35 എംഎംലാണ് ചെയ്തിരിക്കുന്നത്. ധാരാളം പണവും സാങ്കേതികജ്ഞാനവും അതിന് ആവശ്യമുണ്ട്.  ഷൂട്ട് ചെയ്യാനുപയോഗിക്കുന്ന നെഗറ്റീവ് ഫിലിം കൂടാതെ പിക്ചർ പോസിറ്റീവ്, സൗണ്ട് നെഗറ്റീവ് പോസിറ്റീവ്, ഫൈനൽ പ്രിന്റ് തുടങ്ങി വിവിധ ഫിലിമുകളുടെ ആകെത്തുകയാണ് തീയേറ്ററിൽ എത്തുന്ന ഒരു സിനിമ. ഷൂട്ട് ചെയ്തത് നെഗറ്റീവ് ലാബിൽ

> ചില നിബന്ധനകൾക്കു വിധേയമായാണ് ഷൂട്ടിന് അന്ന് ഷോട്ടുകൾ വിഭജിച്ചിരുന്നത്. ക്ലോസ് ഷോട്ട്, ലോങ്ങ് ഷോട്ട്, മിഡ് ഷോട്ട്, റ്റിൽറ്റ്-അപ്, റ്റിൽറ്റ് ഡൗൺ, സജഷൻ ഷോട്ട് തുടങ്ങിയവയായി വിഭജിച്ചാണ് ഷൂട്ട് ചെയ്യുക




## നിറങ്ങളുടെ പടയോട്ടം കണ്ടംബച്ചകോട്ടിലൂടെ

മലയാളത്തിൽ ബ്ലാക്ക് & വൈറ്റ് സിനിമയിൽ നിന്നും കളറിലേക്ക് ചുവടുമാറ്റി തുടങ്ങിയത് 1961 -ൽ പുറത്തിറങ്ങിയ 'കണ്ടംബെച്ചകോട്ടിലൂടെ' ആണ്. ടി.ആർ. സുന്ദരം സംവിധാനം ചെയ്ത ചിത്രത്തിൽ തിക്കുറിശ്ശി, പ്രേംനവാസ് തുടങ്ങിയവർ അഭിനയിച്ചിരുന്നു. 1978-ൽ നവോദയ അപ്പച്ചൻ തച്ചോളി അമ്പു എന്ന സിനിമാസ്കോപ്പ് ചിത്രം അണിയിച്ചിറക്കി. 1982-ൽ അദ്ദേഹത്തിന്റെ പുത്രൻ ജിജോ ആദ്യത്തെ 70എംഎം ഫിലിം പടയോട്ടം ആധുനിക സാങ്കേതികവിദ്യയോടെ നിർമ്മിച്ച് വൻവിജയമാക്കി. അതുകൂടാതെ അന്നും ഇന്നും വമ്പൻഹിറ്റ് എന്ന നിലയിലുള്ള 'മൈഡിയർ കുട്ടിച്ചാത്ത' നും ജിജോയുടെ സംഭാവന ആണ്.

ഡെവലപ് ചെയ്തശേഷം എൻ.ജി. (Not good) കട്ടു ചെയ്ത് മാറ്റിയ ശേഷം പോസിറ്റീവിലേക്ക് പ്രിന്റ് ചെയ്യുന്നു. നെഗറ്റീവ് ലാബിലെ ഡാർക്ക് റൂമിൽ സുരക്ഷിതമായി സൂക്ഷിക്കുന്നു. പിന്നീട് ഈ നെഗറ്റീവ് ഫൈനൽകട്ട് സമയത്തു മാത്രമേ എടുക്കാറുള്ളൂ. തുടർന്നുള്ള എല്ലാ എഡിറ്റിംങ് വർക്കുകളും പോസിറ്റീവിൽ ആയിരിക്കും നടക്കുക.

എഡിറ്റിങ്ങിന്റെ പ്രധാന ഉപകരണമാണ് മൂവ്യോള. ഇതിലാണ് ഫിലിമിന്റെ ഫ്രെയിമുകൾ ചെക്കുചെയ്യുന്നതും കട്ട് ചെയ്ത് വെട്ടി ഒട്ടിക്കുന്നതും മറ്റും. എഡിറ്റിങ്ങ് ടേബിളിൽ കട്ടർ സജ്ജീകരിച്ചിട്ടുണ്ടാകും. നീണ്ടു കിടക്കുന്ന ഫിലിം ചുറ്റാനുള്ള റോളിങ്ങ് ട്രാക്കുകളും മറ്റും അസിസ്റ്റന്റ് എഡിറ്ററുടെ നിയന്ത്രണത്തിലായിരിക്കും.

ഇന്നത്തെ എഡിറ്റർക്ക് മൂവ്യോള ഇല്ല. പകരം കംപ്യൂട്ടറായിരിക്കും. ഓരോ ഷോട്ടും എവിടോട്ടു നീക്കാനും കൂട്ടിച്ചേർക്കാനും മറ്റും ഇന്ന് വളരെ എളുപ്പമാണ്. ഫിലിമിൽ ഷൂട്ടു ചെയ്യുന്ന കാലത്ത് ഒരു ചിത്രത്തിൽ അത്ഭുതം കാണിക്കണമെന്നിരിക്കട്ടെ. ഉദാഹരണത്തിന് ദേവി പ്രത്യക്ഷപ്പെട്ട് അനുഗ്രഹിക്കണമെങ്കിൽ, ദേവി പ്രത്യക്ഷപ്പെടേണ്ട സ്ഥലം ആദ്യം ഷൂട്ട് ചെയ്യും. പിന്നെ ദേവിയെ അതേസ്ഥലത്തു നിർത്തി ഷൂട്ട് ചെയ്യും. അവസാനം ദേവിയെ മാറ്റിനിർത്തി ഷൂട്ടു ചെയ്യും. ചിത്രം കാണുമ്പോൾ ദേവി പ്രത്യക്ഷപ്പെടുകയും പിന്നെ അപ്രത്യക്ഷമാവുകയും ചെയ്തപോലെ കാണപ്പെടും.







### റിവേഴ്സിൽ ഓടുന്ന വില്ലൻ

ഫിലിമിൽ കത്തിക്കുത്തും മറ്റും ഷൂട്ടു ചെയ്യുന്നത് രസകരമാണ്. റിവേഴ്സ് ക്യാമറ ഉപയോഗിച്ചാണ് ഇതു ചെയ്യുന്നത്. നായകൻ വില്ലൻ സംഘട്ടനം. നായകനെ വില്ലൻ കുത്തുന്നു. എത്ര മീറ്റർ അകലെ നിന്നും ഓടിവന്ന് കുത്തിയിടുന്നു എന്നതു കണക്കാക്കി റിവേഴ്സ് ക്യാമറയിലെ ഫിലിം റിവേഴ്സ് ചെയ്തു വയ്ക്കും. വില്ലൻ ഓടിവന്നു കുത്തുന്നതിനു പകരം ആദ്യം നായകന്റെ മുൻപിൽ നിന്നും അയാളെ കുത്തിക്കഴിഞ്ഞിട്ട് കത്തി വലിച്ചൂരി പിന്നോട്ട് ഓട്ടം. അപ്പോൾ നായകൻ ഇട്ടിരിക്കുന്ന ഷർട്ടിൽ ഒളിച്ചു വെച്ചിരിക്കുന്ന ബലൂൺ ഞെക്കിപ്പൊട്ടിച്ച് ചുവന്ന ചായം പുറത്തേക്ക് വിടും. എന്നിട്ട് ആക്ഷൻ നടത്തും. അപ്പോഴേക്കും നായകൻ കുഴഞ്ഞുവീഴും. ചിത്രം കാണുമ്പോൾ വില്ലൻ ദൂരെ നിന്നും ഓടിവന്നു കുത്തുന്നതായിട്ടും നായകൻ താഴെവീണു പിടയുന്നതായിട്ടും ദൃശ്യം ലഭിക്കും. കുത്ത് അബദ്ധത്തിൽ ശരീരത്തു കൊള്ളാതിരിക്കാൻ വേണ്ടിയാണ് ഇങ്ങനെ റിവേഴ്സ് ക്യാമറ ഉപയോഗിക്കുന്നത്.

ചില സമയങ്ങളിൽ ഷോട്ടുകൾ 'സൂപ്പർ ഇംപോസ് ചെയ്യേണ്ടിവരും. വില്ലനുണ്ടായ അവഹേളനമോ കരണത്തടിയോ ഒക്കെ കുടിക്കുന്ന ലിക്വറിൽ തെളിഞ്ഞു വരുന്നത് കാണിക്കണമെങ്കിൽ ആ രണ്ടു ഷോട്ടുകൾ ലാബിൽ കൊടുത്തു 'സൂപ്പർ ഇംപോസ് ചെയ്യണം.

ഫിലിം ഇല്ലാതായപ്പോൾ ലൈറ്റിന്റെ

ആവശ്യകതയും കുറഞ്ഞിട്ടുണ്ട്. നിരവധി റിഫ്ളക്റ്ററുകൾ സൺഗൺ 2k, 5k, ഹാലജൻസ് തുടങ്ങിയ ലൈറ്റുകൾ അന്ന് ആവശ്യമായിരുന്നു. ഇന്ന് ഔട്ട് ഡോറിൽ തെർമ്മോകോളോ നല്ല സാറ്റിൻ തുണിയോ കൊണ്ട് ലൈറ്റിന്റെ ആവശ്യം പരിഹരിക്കാം. ഹാലജൻസുകൊണ്ട് രാത്രിയെ പകലാക്കാൻ കഴിഞ്ഞിടത്ത് ഇന്നു സാദാ ലൈറ്റ് മതി. മികച്ച ഒരു എഡിറ്റർ ഉണ്ടെങ്കിൽ ഒട്ടുമിക്ക കാര്യങ്ങളും പരിഹരിക്കപ്പെടും.

## സ്റ്റുഡിയോയിൽനിന്ന് ഔട്ട്ഡോറിലേക്ക്

ആദ്യകാല സിനിമകൾ സ്റ്റുഡിയോസെറ്റിലാണ് ഷൂട്ട് ചെയ്തിരുന്നത്. പിന്നതു ഔട്ട്ഡോറിലേക്ക വന്നു. ക്യാമറയും ആർട്ടിസ്റ്റുമൊക്കെ ചേർന്ന് വലിയ ഒരു നിരതന്നെ



> ഇന്നത്തെ എഡിറ്റർക്ക് മുവ്യോള ഇല്ല. പകരം കംപ്യൂട്ടറായിരിക്കും. ഓരോ ഷോട്ടും എവിടോട്ടു നീക്കാനും കൂട്ടിച്ചേർക്കാനും മറ്റും ഇന്ന് വളരെ എളുപ്പമാണ്

ഉണ്ടാകും. ഇപ്പോഴും അങ്ങനെയൊക്കെ തന്നേ. പക്ഷേ പാട്ടുകളും മറ്റും ചിത്രീകരിക്കാൻ ബ്ലൂ മാറ്റുപയോഗിക്കുന്നു. ഹിമവൽസാനുക്കൾ, വെള്ളച്ചാട്ടം, മണലാരണ്യം തുടങ്ങിയവ ക്യാമറയുമായി ചെന്നുപകർത്തുന്നു. ആർട്ടിസ്റ്റ് ചേർന്നുള്ള ഭാഗം സ്റ്റുഡിയോയിൽ ബ്ലൂമാറ്റിട്ട ചിത്രീകരിക്കും. എഡിറ്റിങ്ങിൽ ബ്ലൂമാറ്റ് മാറ്റി വെളിയിൽ നിന്നു ഷൂട്ടുചെയ്ത് കൊണ്ടുവന്നത് പകരം ചേർക്കും.

ചില നിബന്ധനകൾക്കു വിധേയമായാണ് ഷൂട്ടിന് അന്ന് ഷോട്ടുകൾ വിഭജിച്ചിരുന്നത്. ക്ലോസ് ഷോട്ട്, ലോങ്ങ് ഷോട്ട്, മിഡ് ഷോട്ട്, റ്റിൽറ്റ്-അപ്, റ്റിൽ-ഡൗൺ, സജഷൻ ഷോട്ട് തുടങ്ങിയവയായി വിഭജിച്ചാണ് ഷൂട്ട് ചെയ്യുക രണ്ടുപേർ ചേർന്ന ഒരു സജഷൻ ഷോട്ടിൽ, ഒന്ന് സജഷനാകുമ്പോൾ മറ്റേത് പ്രോമിനൻസിൽ ആയിരിക്കും. ഒരാളിന്റെ സജഷനെടുത്താൽ മറ്റെ ആളിന്റെ സജഷനും എടുത്തിരിക്കണം. ഇന്നതു നോക്കാറില്ല. ഇന്നത്തെ നായകൻ വീട്ടിലാണെങ്കിൽ അടുത്ത ഷോട്ടിൽ മാർക്കറ്റിൽ കാണാം. ഇതിന് പണ്ട് ജംപിംങ് എന്ന കുറ്റം ആരോപിച്ചിരുന്നു. ഫിലിമിലുള്ള ചിത്രത്തിന്റെ ക്ലാരിറ്റിക്കുവേണ്ടി ഗ്രേഡിങ്ങ് നടത്തിയിരുന്നു (ഫൈനൽ പ്രിന്റ് എടുക്കും മുൻപ്). ഇന്ന് ആ സ്ഥാനത്ത് ഡി.ഐ. ചെയ്തു ശരിയാക്കുന്നു.

ഫിലിം റെപ്രസെന്റേറ്റീവുമാർ എന്ന വിഭാഗവും ഇല്ലാതായി. പണ്ട ഫിലിം പെട്ടിയും തൂക്കി, കുറെ പോസ്റ്ററും വാരിക്കെട്ടി റെപ്രസന്റേറ്റീവുകൾ തിയേറ്ററുകളിലേക്ക് പോകുമായിരുന്നു. ഇന്ന് സാറ്റ്ലൈറ്റ് സംവിധാനമാണ്. ബന്ധപ്പെട്ട സ്ഥാപനത്തിൽ ചിത്രത്തിന്റെ ഹാർഡ് ഡിസ്ക്ക് ഏല്പിച്ചു കഴിഞ്ഞാൽ, ലോകത്തെവിടെയും സാറ്റ്ലൈറ്റ് കണക്ഷനുള്ള തിയേറ്ററിൽ സിനിമ പ്രദർശിപ്പിക്കാം.

ഫിലിം ഉപയോഗിച്ചു സിനിമ നിർമ്മിക്കുമ്പോൾ അധ്വാനം, ശ്രദ്ധ, പഠനം ഇവയൊക്കെ അങ്ങേയറ്റം വേണ്ടിയിരുന്നു. ചിത്രീകരണശേഷം ലാബിൽ പ്രോസസ് ചെയ്തത് കണ്ടുകഴിഞ്ഞ ശേഷമേ ഡയറക്ടർക്കും മറ്റും തങ്ങളുടെ സൃഷ്ടിയുടെ മേന്മ വിലയിരുത്താൻ പറ്റൂ. എന്നാൽ ഇന്ന് ആ സ്ഥിതിയല്ല. സംവിധായകൻ ആർട്ടിസ്റ്റുകൾക്കു വേണ്ട നിർദേശം നൽകിയശേഷം, മുൻപിലിരിക്കുന്ന ലാപ്ടോപ്/കംപ്യൂട്ടർ സ്ക്രീനിൽ നോക്കിയാൽ മതി. തൃപ്തിയായില്ലെങ്കിൽ റീടേക്ക് എടുക്കാം. ഫിലിം നഷ്ടമില്ലല്ലോ. ആദ്യമെടുത്ത ഷോട്ടിന്റെ പുറത്തുതന്നെ റീ-ഷൂട്ട് ചെയ്യാം.■

അരനാഴികനേരം, പണി തീരാത്ത വീട്, നിണമണിഞ്ഞ കാല്പാടുകൾ തുടങ്ങിയ പ്രശസ്ത കൃതികളുടെ എഴുത്തുകാരൻ പാറപ്പുറത്തിന്റെ ജന്മശതാബ്ദി വർഷമാണ് 2024

# മായാത്ത പാദമുദ്രകൾ

മനുഷ്യമനസ്സുകളുടെ നൂൽപ്പാലത്തിലൂടെ ആടിയുലയുന്ന സംഘർഷഭരിതമായ മനുഷ്യമനസ്സുകളെയാണ് അരനാഴികനേരം (1967) എന്ന കൃതിയിലൂടെ പാറപ്പുറത്ത് ആവിഷ്കരിക്കുന്നത്. പാറപ്പുറത്ത് എന്ന തൂലികാനാമം ഇന്നും മലയാളിവായനക്കാരിൽ നിറഞ്ഞുനിൽക്കുന്നതിൽ വലിയപങ്ക് ഈ വിഖ്യാതകൃതിക്കുണ്ട്. മരണം കാത്തിരിക്കുന്ന വയോധികനായ കുഞ്ഞേനാച്ചന്റെ മങ്ങിയ കാഴ്ചകളിലൂടെ, ചിന്തകളിലൂടെ സഞ്ചരിക്കുന്ന നോവൽ കെ.എസ്. സേതുമാധവന്റെ സംവിധാനത്തിലും കൊട്ടാരക്കര ശ്രീധരൻ നായർ എന്ന അതുല്യനടനിലൂടെയും ചലച്ചിത്രത്തിലും ശ്രദ്ധേയമായി.










മാവേലിക്കര കുന്നം എന്ന ഗ്രാമത്തിൽ 1924 നവംബർ 14നാണ് കെ.ഇ. മത്തായി (കിഴക്കേപ്പൈനുംമൂട് ഈശോ മത്തായി ) എന്ന പാറപ്പുറത്ത് ജനിക്കുന്നത്. കുടുംബബാധ്യതകൾ കാരണം സ്കൂൾ പഠനം പൂർത്തിയാക്കാതെ പട്ടാളത്തിൽ ചേർന്നു. 21 വർഷം സേവനം. തിരിച്ചെത്തിയശേഷം പൂർണ്ണമായും സർഗാത്മകജീവിതത്തിൽ. നോവലുകളും കഥകളും കൂടാതെ അരനാഴികനേരം ഉൾപ്പെടെ ഇരുപതോളം സിനിമകൾക്ക് തിരക്കഥയെഴുതി. രണ്ടുതവണ കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ പ്രസിഡന്റായിരുന്നു.

പണി തീരാത്ത വീട്, നിണമണിഞ്ഞ കാല്പാടുകൾ, ആദ്യകിരണങ്ങൾ, അന്വേഷിച്ചു കണ്ടെത്തിയില്ല, ആകാശത്തിലെ പറവകൾ തുടങ്ങിയവയാണ് പ്രധാന നോവലുകൾ. തോക്കും തൂലികയും, പ്രകാശധാര, സൂസന്ന, തിരഞ്ഞെടുത്ത ചെറുകഥകൾ തുടങ്ങിയ കഥാസമാഹാരങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. മധ്യതിരുവിതാംകൂറിലെ ഓണാട്ടുകരയുടെ ചൂടും ചൂരും പാറപ്പുറത്തിന്റെ കൃതികളിൽ അനുഭവിക്കാനാകും. പട്ടാളക്കാരനായിരുന്ന അദ്ദേഹത്തിന്റെ എഴുത്തിൽ ആ ജീവിതാനുഭവങ്ങളും കൂടുതലായി കാണാനാകും. എന്നാൽ ഈ കള്ളികളിൽ മാത്രം ഒതുക്കാനാകാത്ത പ്രതിഭാസ്പർശമാണ് പാറപ്പുറത്തിന്റെ രചനകളെ കാലാതിവർത്തിയാക്കുന്നത്. അവ മനുഷ്യജീവിതങ്ങളിലെ നിതാന്തമായ ഉള്ളുരുക്കങ്ങളുടെ ആഖ്യാനങ്ങൾ കൂടിയാണ്. ■




വര: വി.എസ്.പ്രകാശ്

ബീന ടി.എ
പി.ആർ.ഒ, എനർജി മാനേജ്മെന്റ് സെന്റർ

ഡിസംബർ 14 ദേശീയ ഊർജ സംരക്ഷണ ദിനം

# ഇന്നിനും നാളേക്കും ഊർജമേകുക



> **കാർബൺ ബഹിർഗമനം അന്തരീക്ഷ ഊഷ്മാവിൽ സൃഷ്ടിക്കുന്ന ഭയാനകമായ പ്രത്യാഘാതങ്ങളും അതുവഴി ആസന്നഭാവിയിൽ സംജാതമാകുന്ന വെല്ലുവിളികളും ഉയർത്തുന്ന ആശങ്കകൾ ചെറുതല്ല**

ഡിസംബർ 14 എല്ലാ വർഷവും ദേശീയ ഊർജ സംരക്ഷണദിനമായി ആചരിക്കുന്നു. മുമ്പെങ്ങും ഇല്ലാത്തവിധം ഊർജ സംരക്ഷണവും ഊർജ കാര്യക്ഷമതയും ചർച്ചചെയ്യപ്പെടുന്ന ഘട്ടത്തിലാണ് ഇത്തവണത്തെ ദിനാചരണം. ഇക്കഴിഞ്ഞ നവംബറിൽ ബകുവിൽ നടന്ന CoP 29 ഉച്ചകോടിയുടെ പരിസമാപ്തിയിലും നമ്മൾ കേട്ടത് ഊർജ കാര്യക്ഷമതയ്ക്കായും റിന്യൂവബിൾ എനർജിക്കുമായി ലോകരാജ്യങ്ങൾ കൈകോർക്കണമെന്ന സന്ദേശമാണ്. അത് സുപ്രധാനമായ നിർദ്ദേശവുമാണ്. ഇത്തരം തീരുമാനങ്ങളിലേക്ക് എത്താനുള്ള പ്രായോഗികമായ നടപടികളും അതിന്റെ മികവാർന്ന ഫലപ്രാപ്തിയുമാണ് എല്ലാ ഭരണസംവിധാനങ്ങളിൽ നിന്നും ഐക്യരാഷ്ട്ര സംഘടന പ്രതീക്ഷിക്കുന്നത്.

നേരത്തെ ഊർജ ദൗർലഭ്യം അനുഭവപ്പെട്ടപ്പോഴാണ് ഊർജ സംരക്ഷണത്തെക്കുറിച്ച് ചിന്തിച്ചിരുന്നത്. എന്നാൽ ഇന്ന് മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പിന്റെ തന്നെ ഭാഗമായാണ് ഈ വിഷയം ചർച്ചചെയ്യുന്നത്. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനായി ലോകരാജ്യങ്ങൾ ഒപ്പുവെക്കുന്ന ഉടമ്പടികളിലെല്ലാം ഊർജ കാര്യക്ഷമതയ്ക്കും പുനരുപയോഗിക്കാവുന്ന ഊർജ (റിന്യൂവബിൾ എനർജി) ത്തിനുമാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. കാർബൺ ബഹിർഗമനം അന്തരീക്ഷ ഊഷ്മാവിൽ സൃഷ്ടിക്കുന്ന ഭയാനകമായ പ്രത്യാഘാതങ്ങളും അതുവഴി ആസന്നഭാവിയിൽ സംജാതമാകുന്ന വെല്ലുവിളികളും ഉയർത്തുന്ന ആശങ്കകൾ ചെറുതല്ല.

അന്തരീക്ഷ ഊഷ്മാവിന്റെ വർധനവ് 1.5 ഡിഗ്രി സെൽഷ്യസിൽ നിലനിർത്തുക എന്നതാണ് കാലാവസ്ഥാ ഉടമ്പടികളുടെ കാതൽ. നമ്മുടെ വൈദ്യുത നിലയങ്ങൾ, വ്യവസായങ്ങൾ, വാഹനങ്ങൾ എന്നിവയിൽ ഉപയോഗിക്കുന്ന ഖനിജ ഇന്ധനങ്ങളുടെ ഉപയോഗം മൂലം അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ അളവ് കൂടുന്നുവെന്നത് എത്രയോകാലം മുമ്പുതന്നെ തിരിച്ചറിഞ്ഞ യാഥാർഥ്യമാണ്. ഇത് സൃഷ്ടിക്കുന്ന പ്രതിപ്രവർത്തനങ്ങളുടെ ഫലമായി അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയരുകയും ചെയ്യുന്നു. വികസന മുന്നേറ്റങ്ങളുടെ ഗരിമയിലും ഒട്ടും ആശാവഹമല്ല ഇക്കാര്യത്തിൽ ലോകരാജ്യങ്ങളിൽ നിന്നുള്ള സ്ഥിതിവിവര കണക്കുകൾ.

ഖനിജ ഇന്ധനങ്ങൾക്ക് ദൗർലഭ്യം അനുഭവപ്പെടും എന്നതുകൊണ്ടു മാത്രമല്ല, അവ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന





അന്തരീക്ഷ മലിനീകരണം കൂടി കണക്കിലെടുത്താണ് ഊർജ സംരക്ഷണവും ഊർജ കാര്യക്ഷമതയും ഊർജ പരിവർത്തനവും ഒക്കെ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള കർമ്മപദ്ധതികളിൽ ഇടം നേടിയത്. നിത്യജീവിതത്തിൽ നടക്കുന്ന പലവിധ പ്രവൃത്തികളിലൂടെ കാർബൺ ഡൈ ഓക്സൈഡ് മാത്രമല്ല അന്തരീക്ഷത്തിലേക്ക് വമിക്കുന്നത്. മീഥേൻ, നൈട്രസ് ഓക്സൈഡ്, ഹൈഡ്രോഫ്ളൂറോ കാർബൺ എന്നിങ്ങനെ പല വാതകങ്ങളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ ഇവയെല്ലാം കാർബൺ ഡൈ ഓക്സൈഡിന്റെ അളവിന് തുല്യമാക്കിയാണ് പഠനങ്ങളൊക്കെയും നടക്കുന്നത്. ഇക്കാരണത്താലാണ് 'കാർബൺ എമിഷൻ' (കാർബൺ ബഹിർഗമനം) കുറയ്ക്കുക എന്ന പ്രയോഗം രൂപപ്പെട്ടത്.

കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുക എന്ന ലക്ഷ്യത്തിലേക്കാണ് നാം നീങ്ങുന്നത്. അന്തരീക്ഷത്തിലേക്ക് നാം പുറംതള്ളുന്ന കാർബണും പ്രകൃത്യാലോ സാങ്കേതികവിദ്യകളാലോ അവ ആഗിരണം ചെയ്യുന്നതും തമ്മിലുള്ള സന്തുലിതാവസ്ഥയാണ് അത്. ഇന്ത്യ 2070 ൽ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. കേരളം 2050 ൽ ഈ ലക്ഷ്യം കൈവരിക്കാൻ പരിശ്രമിക്കുന്നു. കാർബൺ ന്യൂട്രാലിറ്റി കൈവരിക്കണമെങ്കിൽ ഊർജ പരിവർത്തനം (energy transition) അത്യാവശ്യമായി വരുന്നു. വൈദ്യുതി ഉല്പാദനത്തിലായാലും വ്യവസായങ്ങളിലായാലും ഗതാഗതമേഖലയിലായും നിലവിൽ ഉപയോഗിക്കുന്ന ഫോസിൽ ഇന്ധനങ്ങളിൽ നിന്നും മാറി പ്രകൃതിസൗഹൃദ ഊർജസ്രോതസ്സുകളിലേക്കും സാങ്കേതിക വിദ്യകളിലേക്കും മാറുക എന്നത് പ്രധാനമാണ്. ഇതിന്റെയൊക്കെ ഭാഗമായാണ് പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ, ഇലക്ട്രിക് വാഹനങ്ങൾ, പ്രകൃതിവാതക പൈപ്പുകളിലൂടെയുള്ള പാചകവാതകം, ഊർജ ഓഡിറ്റ്, ഊർജ സംരക്ഷണ വിദ്യാഭ്യാസം, ഉപകരണങ്ങൾക്കുള്ള സ്റ്റാർ ലേബലിംഗ്, ഹരിത കെട്ടിടങ്ങൾ, ഊർജ കാര്യക്ഷമ പ്രകാശ സംവിധാനങ്ങൾ എന്നിവയുടെയെല്ലാം പ്രോത്സാഹനം ഊർജിതമായി നടക്കുന്നത്.

> **കേരളത്തിൽ 'കാർബൺ ന്യൂട്രൽ കാട്ടാക്കട' പോലെ ഗ്രാമസഭ മുതൽ ചർച്ച ചെയ്യുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇത് തികച്ചും മാതൃകാപരവുമാണ്**



കേരളത്തിൽ 'കാർബൺ ന്യൂട്രൽ കാട്ടാക്കട' പോലെ ഗ്രാമസഭ മുതൽ ചർച്ച ചെയ്യുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇത് തികച്ചും മാതൃകാപരവുമാണ്. ദേശീയ ഊർജകാര്യക്ഷമതാ സൂചികയിൽ കൂടുതൽ പോയിന്റ് നേടി കേരളത്തിന് മുൻപന്തിയിൽ എത്താൻ അതുകൊണ്ടുതന്നെ സാധിച്ചിട്ടുണ്ട്. ഇത്തരം തദ്ദേശീയമായ പ്രവർത്തനങ്ങളെ അർഹിക്കുന്ന ഗൗരവത്തോടെ കാണാനും പ്രോത്സാഹനം നൽകാനും അത് മറ്റിടങ്ങളിലേക്ക് പകർത്താനും നടപടികൾ സ്വീകരിക്കുക എന്നത് സുപ്രധാനമാണ്.

ഊർജ സംരക്ഷണ ദിനത്തിന്റെ സന്ദേശവും ഇത്തരം ഊർജ സംരക്ഷണപ്രവർത്തനങ്ങളിൽ പങ്കാളികളായി പ്രകൃതിസൗഹൃദമായ ഒരു ജീവിതശൈലി കെട്ടിപ്പടുക്കുക എന്നതാണ്. എല്ലാ മേഖലകളിലും ഊർജ കാര്യക്ഷമത വർധിപ്പിച്ച് ഊർജ സംരക്ഷണത്തിലൂടെയും മെച്ചപ്പെട്ട ഊർജ മാനേജ്മെന്റ് സംവിധാനങ്ങളിലൂടെയും ഭൂമിയുടെ നിലനില്പിനെ ബാധിക്കുന്ന പ്രതിഭാസങ്ങളെ പ്രതിരോധിക്കാൻ നമുക്കേവർക്കും ഒരുമിച്ച് പ്രവർത്തിക്കാം. നമ്മുടെ നിലനിൽപ്പിനായും ഭാവി തലമുറയുടെ മെച്ചപ്പെട്ട ജീവിതാവസ്ഥയ്ക്കായും സമൂഹത്തിലെ എല്ലാ വിഭാഗവും ഒരുമിച്ചുചേർന്ന് പ്രവർത്തിക്കണമെന്ന ആഹ്വാനം കൂടിയാണ് ഊർജ സംരക്ഷണ ദിനാചരണത്തിൽ മുന്നോട്ടുവയ്ക്കുന്നത്. ■


To believe in fearless minds
and tireless feet,
to brave the raging seas every day
and walk side by side
with hearts that beat in time
with the waves.
HUMAN by NATURE
kerala
God's Own Country
keralatourism.org

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.12.2024**
KERMAL2014/58028 Price: **12.00**




VISIT **www.donation.cmdrf.kerala.gov.in** | **TOGETHER WE REBUILD** Every Donation Counts

## Chief Minister's Distress Relief Fund Account

| No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | State Bank of India | **39251566695** | SBIN0070028 |
| 2. | South Indian Bank | **0721053000003020** | SIBL0000721 |
| 3. | Federal Bank | **10210100422271** | FDRL0001021 |
| 4. | HDFC Bank Ltd | **50100350210557** | HDFC0002485 |
| 5. | ICICI Bank | **626201089884** | ICIC0006262 |
| 6. | CSB Bank Ltd | **00 9603981212190001** | CSBK0000096 |
| 7. | Axis Bank | **920010023834712** | UTIB0000784 |
| 8. | Dhanalakshmi Bank | **003700100156782** | DLXB0000037 |
| 9. | IDBI Bank Ltd | **0889104000111454** | IBKL0000889 |
| 10. | Indian Overseas Bank | **009901000002020** | IOBA0000099 |
| 11. | Union Bank of India | **502902010900782** | UBIN0550299 |
| 12. | Canara Bank | **5842132000007** | CNRB0005842 |
| 13. | Kotak Mahindra Bank | **1815162037** | KKBK0009206 |
| 14. | Bank Of Baroda | **29860100006714** | BARB0PEROOR |
| 15. | Standard Chartered Bank | **43710072419** | SCBL0036099 |
| 16. | Kerala Gramin Bank | **40341101051311** | KLGB0040341 |
| 17. | IndusInd Bank | **159900002020** | INDB0001599 |
| 18. | Bank Of India | **853810110007599** | BKID0008538 |
| 19. | Punjab National Bank | **3301000104118534** | PUNB0330100 |
| 20. | Kerala Bank | **110110801000339** | KSBK0000101 |
| 21. | Central Bank of India | **5652206185** | CBIN0280937 |
| 22. | UCO Bank | **02880110077641** | UCBA0000288 |
| 23. | Indian Bank | **7839343398** | IDIB000P030 |
| 24. | Covid-TSB A/c (1475) | **799010100191475** | |
| 25. | Special Treasury Savings Bank | **799010100193172** | |

**This contribution is eligible for deduction under Section 80G of the Income Tax Act.**

**ജീവിതം
വീണ്ടെടുക്കാൻ
തകർന്നതെല്ലാം
പടുത്തുയർത്താൻ
നമുക്കും
പങ്കുചേരാം**

നിങ്ങളുടെ സഹായം അർഹരായവരിലേയ്ക്ക് എത്താൻ തീർത്തും സുതാര്യവും ഓഡിറ്റിംഗിന് വിധേയവുമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകൂ.

https://www.facebook.com/CMOKerala #StandWithWayanad https://x.com/cmokerala

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshara Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS